പുത്തരിയങ്കം.

EDITED BY

Chelnat Achyuta Menon B. A.,
Head Malayalam Department.
University of Madras.

Published by
NATIONAL BOOK-DEPOT,
Kottayam, Travancore.

1110.

PRINTED AT THE
). Printing Works, etc., Ltd., Perumanur, Ernakulam.

Price 10 as.

പുത്തരിയങ്കം.

EDITED BY

Chelnat Achyuta Menon B. A.,

Head, Malayalam Department,

University of Madras.

Published by

NATIONAL BOOK-DEPOT,

Kottayam, Travancore.

1110.

PRINTED AT THE

S. D. Printing Works, etc., Ltd., Perumanur, Ernakulam.

Price 10 as.

മുഖവുര.

ആരോമൽച്ചേകവരെപ്പററിയുള്ള നാടോടിപ്പാട്ടിന്റെ ഒടുവിലത്തെ ഭാഗമാണ് ഇവിടെ എടുത്തിട്ടുള്ളത്. ഈ പാട്ടിന്റെ പഴക്കത്തെപ്പററി വിവരിക്കുന്നതിന്നുമുമ്പായി നാടോടിപ്പാട്ടുകളെപ്പററി പൊതുവെ ചിലതു പറയേണ്ടിയിരിക്കുന്നു. നാടോടിപ്പാട്ടുകൾ എന്ന ഇനത്തിൽ കേരളത്തിൽ ഒട്ടാകെ എത്ര പാട്ടുകളുണ്ടെന്ന് കണക്കാക്കുന്നതുതന്നെ പ്രയാസമായിട്ടാണിരിക്കുന്നത്. അവയുടെ എണ്ണം അത്രത്തോളമുണ്ട്. രാമചന്ദ്രവിലാസം പ്രസ്സുകാർ, എസ്. റി. റെഡ്യാർ, ഭാരതവിലാസം പ്രസ്സുകാർ, എ. ആർ പി. പ്രസ്സുകാർ, എന്നിവർ അടിച്ചിട്ടുള്ള "വടക്കൻപാട്ടുകൾ" പലതും കണ്ടിരിക്കാനിടയുണ്ട്. ഇവയിലെല്ലാംകൂടി ഇരുപതോ ഇരുപത്തിനാലൊ പാട്ടിലധികമുണ്ടാവുമെന്നു തോന്നുന്നില്ല. കടൽപോലെ പരന്നുകിടക്കുന്ന നാടോടിപ്പാട്ടു സാഹിത്യത്തിന്റെ എത്രയോ പരിമിതമായ ഒരംശമെ മെല്ലാണത്ത പ്രസിദ്ധീകരണങ്ങളിലുൾപ്പെട്ടിട്ടുള്ളു. തച്ചോളി ഒതേനനെപ്പററിത്തന്നെ ഏകദേശം നൂറോളം പാട്ടുകൾ എന്റെ കയ്യിലെത്തീട്ടുണ്ട്. ഇതുപോലെതന്നെ തച്ചോളി കുഞ്ഞിച്ചന്തു, പയ്യാപള്ളിച്ചന്തു, കെളുമുപ്പൻ ഇങ്ങിനെയുള്ള പല വീരന്മാരെപ്പററിയും എത്രയോ പാട്ടുകൾ നാട്ടുകാരുടെ ഇടയിൽ പ്രചാര

ത്തിലുണ്ട്. വള്ളുവക്കോനാതിരിയുടെ ചാവേർസൈന്യം ചരിത്രപ്രസിദ്ധമാണല്ലൊ. വള്ളുവക്കോനാതിരി (വള്ളുവനാട്ടുരാജാവ്) യിൽനിന്ന് മാമാങ്കാധിപത്യം ഒരിക്കൽ സാമൂതിരി കയ്യടക്കുകയുണ്ടായി. അതിനുശേഷം മാമാങ്കത്തിന് സാമൂതിരി നിലപാട്ടു നില്ക്കുമ്പോൾ അദ്ദേഹത്തിന്റെ മേൽക്കോയ്മയെ നിരസിച്ച് യുദ്ധംചെയ്യാനായി നൂറുപേരെ വള്ളുവക്കോനാതിരി അയച്ചിരുന്നു. ഈ നൂറുപേരും സാമൂതിരിയുടെ അതിഗംഭീരമായ സൈന്യസന്നാഹത്തോടെതിർത്ത് മരിക്കുകയായിരുന്നു പതിവ്. ഇങ്ങിനെ മരിക്കാനൊരുങ്ങി വരുന്നതുകൊണ്ടാണ് അവർക്ക് ചാവേർപണിക്കന്മാരെന്നും ചാവേർസൈന്യമെന്നും പേരു കിട്ടീട്ടുള്ളത്. ഇവരിൽ ഓരോരുത്തരെപ്പററിയും പാട്ടുകളുണ്ട്. ഏകദേശം നാന്നൂറു കൊല്ലത്തോളം സാമൂതിരിയുടെകീഴിൽ മാമാങ്കം നടന്നിട്ടുണ്ടെന്നാണ് കേട്ടുകേൾവി അതിലിടക്ക് എത്ര ചാവേർപണിക്കന്മാർ മരിച്ചിട്ടുണ്ടായിരിക്കണം? അവരെപ്പററിയുള്ള പാട്ടുകളെത്രയുണ്ടായിരിക്കണം? ഇവരെപ്പററിയുള്ള പാട്ടുകൾ മുഴുവനും ശേഖരിക്കുവാൻ എത്രകാലം എത്രജനങ്ങൾ മിനക്കെടണം? ഇതുപോലെതന്നെയാണ് കൊച്ചിയിലേക്കും തിരുവിതാംകൂറിലേക്കും കടന്നാൽ. മാവാരതം പാട്ട്, ഇരവിക്കുട്ടിപ്പിള്ള പോർപാട്ട് എന്നിവ ശേഖരിച്ച് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനു ശ്രീമാൻ സി. പി. പരമേശ്വരൻപിള്ളയ്ക്കുണ്ടായിട്ടുള്ള ക്ലേശ

ങ്ങാം അദ്ദേഹത്തിന്റെ ആ പ്രശസ്തപ്രസിദ്ധീകരണത്തിൽ രേഖപ്പെടുത്തീട്ടുണ്ടു്. ആ ഗ്രന്ഥപരമ്പരയുടെ മററു ഭാഗങ്ങൾ പ്രകാശിപ്പിക്കുവാൻ ആ മഹാന്നു് സാവകാശവും സൌകൎയ്യവും ഉണ്ടാവാതിരുന്നതു് കൈരളിയുടെ നിർഭാഗ്യമെന്നേ പറയേണ്ടതുള്ളു. എന്റെ അനുഭവം ആസ്പദമാക്കി പറയുകയാണെങ്കിൽ ഒരു നൂറുപേർ ഒത്തിറങ്ങി നാടോടിപ്പാട്ടുകൾ ശേഖരിക്കുവാൻ പുറപ്പെടുന്നപക്ഷം അവരുടെ ആയുഷ്കാലം മുഴുവനും പരിശ്രമിച്ചാൽക്കൂടി മലയാളത്തിലെ പാട്ടുകൾ മുഴുവൻ പകർത്തിയെടുക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. അത്ര വിപുലമായ ഒരു ഭണ്ഡാഗാരമാണു് നാടോടിപ്പാട്ടുകൾ.

ഈ "ഒതേനനെയും" കന്നതനെ"യും, കണ്ണനേയും കണ്ണപ്പനേയും പററിയുള്ള പാട്ടുകൾ ശേഖരിച്ചതുകൊണ്ടു് എന്തൊരു പ്രയോജനമാണുള്ളതു് എന്നു ചിലർ ചോദിക്കുമായിരിക്കും. കേരളത്തിന്റെ "കണ്ണും കയ്യും കല്പനയും" ആയിരുന്ന നായന്മാരെപ്പററിയും ഈഴവരെപ്പററിയും നമുക്കു് അറിയേണമെന്നുള്ള അഭിമാനമുണ്ടെങ്കിലും, മതവിഷയത്തിൽ യാതൊരു പക്ഷഭേദവുംകൂടാതെ നീതിന്യായം നടത്തിപ്പോന്നിരുന്നവരാണെന്നു് ഒരു * മഹമ്മദീയ സഞ്ചാരിയിൽനിന്നു സമ്മതപത്രം വാങ്ങിയ നമ്മുടെ പൂൎവ്വികന്മാരുടെ അപദാനങ്ങളെപ്പററി വിവരിച്ചു

* Zinuddin

കേൾക്കുവാൻ നമുക്ക് കൌതുകമുണ്ടെങ്കിലും, ഓലക്കെട്ടതിന്നും പെണ്ണുങ്ങൾക്കും, വഴിയതിൽപോലും കിടക്കാമല്ലൊ, എന്നതരത്തിൽ സദാചാരബോധം അവരുടെ സകലാചാരങ്ങളിലും പ്രത്യക്ഷമാക്കിയിരുന്ന നമ്മുടെ കാരണവന്മാരുടെ ത്യാഗപൂർവ്വമായ സമരങ്ങളുടെ വർണ്ണന വളച്ചുകെട്ടൊന്നുമില്ലാതെ ഉള്ളിൽ കൊള്ളുന്നവിധത്തിൽ കേട്ടാനന്ദിക്കേണമെന്നു നമുക്ക് മോഹമുണ്ടെങ്കിലും, ബഹുഭർത്തൃത്വമെന്ന അപരിഷ്കൃതസമ്പ്രദായവും, അർത്ഥമില്ലാത്ത ദായക്രമവും അനുസരിച്ചു വരുന്നവരാണ് കേരളീയരെന്ന് നമ്മെപ്പറ്റി തെളിവില്ലാതെ വിധികല്പിച്ചിട്ടുള്ള വിദേശീയരുടെ അടിസ്ഥാനമില്ലാത്ത ദുരഭിപ്രായങ്ങളെ ദൂരീകരിക്കേണമെന്ന് നമ്മുടെ ദേശാഭിമാനം നമ്മെ ഉപദേശിക്കുന്നുണ്ടെങ്കിലും, സർവ്വോപരി ഇന്നത്തെ പരിഷ്കൃതലോകം അഭിമാനത്തോടുകൂടി വീക്ഷിക്കുന്നതായ ഒരു സംസ്കാരം ഒരുകാലത്ത് കേരളത്തിൽ കൈകാര്യം ചെയ്തിരുന്നവരുടെ കൂട്ടപ്പിറപ്പായിരുന്നുവെന്ന് മനസ്സിലാക്കണമെന്ന് നമുക്ക് ഔത്സുക്യമുണ്ടെങ്കിലും, മലയാളത്തിലെ നാടോടിപ്പാട്ടുകളെ ശേഖരിച്ച് പഠിച്ചുകൊള്ളുക എന്നുമാത്രമേ ഈ ചോദ്യത്തിന്നു സമാധാനമായി പറയാനുള്ളു. വളരെനേരം പണിയെടുത്തുകൊണ്ടിരുന്നവർക്ക് നേരം പോകുന്നതറിയാതിരിപ്പാനും, കാറ്റും മഴയും സഹിച്ച് വയലിലിറങ്ങി വേലചെയ്യുന്നവർക്ക്, കാറ്റിന്റെ ശക്തിയോ, മഴകൊണ്ടുള്ള തണുപ്പോ, മറക്കാനും ഒരുകാല

ളു് ഈ പാട്ടുകൾ ദിവ്യൌഷധങ്ങൾ ആയിരുന്നു. അവരനുഭവിച്ച സുഖം, ക്ലേശശൂന്യമായ ആധുനികജീവിതത്തിൽ, നിങ്ങൾക്കും വേണമെന്നുണ്ടെങ്കിൽ നിങ്ങളും ഈ പാട്ടുകൾ പാരായണംചെയ്യുക.

ആരോമൽച്ചേകവരുടെ കഥ

'ആരോമൽച്ചേകവർ പ്രജാപതിനാട്ടിൽ (ചില പതിപ്പുകളിൽ പ്രതിയാതിരിനാട്ടിൽ എന്നും കാണുന്നുണ്ടു്) അങ്കത്തിനുപോയ കഥ' എന്ന തലക്കെട്ടോടുകൂടിയാണു് ഈ പാട്ടു് അച്ചടിച്ചപുസ്തകങ്ങളിൽ പ്രസിദ്ധപ്പെടുത്തി കാണുന്നതു്. ഈ പ്രജാപതിനാടു് (പ്രതിയാതിരിനാടു്) ഏതാണെന്നു തീർച്ചയാക്കാൻ തരമില്ല. ഈ പേരുതന്നെ ശരിയാണൊ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. പലരും—അതും അക്ഷരജ്ഞാനമില്ലാത്തവർ —പെരുമാറിപ്പഴകിപ്പോന്ന പേരിനു് കാലാന്തരത്തിൽ രൂപാന്തരം വന്നതായിരിക്കാനിടയുണ്ടു്. പാട്ടിൽ പ്രസ്താവിക്കുന്ന ഉപ്പാംകോട്ടപ്പുറമാത്രമേ ഇപ്പോൾ പേരിൽ കോട്ടം തട്ടാതെയുള്ളു. കീഴൂരിടം,• കറുങ്ങാട്ടിടം എന്നീ തറവാട്ടുപേരുകൾ ഇപ്പോഴും പൊന്നാനിത്താലൂക്കിൽ നടപ്പുണ്ടു്. ഈവക സംഗതികളാലോചിക്കുമ്പോൾ ഉണിക്കോനാരും, ഉണിച്ചന്ത്രോരും വെട്ടത്തു നാട്ടുകാരായിരിക്കണമെന്നൂഹിക്കാം.

ഇവർതമ്മിലുള്ള മൂപ്പിളമത്തർക്കമാണല്ലൊ ഈ കഥയുടെ ബീജം. അന്നത്തെ 'നാടുവാഴി'കളൊ

'ക്രൂട്ട്'ക്കാരോ കല്പിച്ച തീർപ്പുകൾ ഇവക്ക് സമ്മതമായില്ല. തൃപ്രാക്കോട്ടപ്പന്റെ തൃപ്പടിയിന്മേൽ പൊന്നും വെള്ളിയും പൊതിയാക്കിവച്ച് ചെയ്ത പരീക്ഷയുടെ ഫലവും അവക്ക് തൃപ്തിനല്കിയില്ല. ഒടുവിൽ അക്കാലത്തെ ആചാരപ്രകാരം അങ്കം * വെട്ടാനൊരുങ്ങി. ഇരുകക്ഷികൾക്കും അതിവിദഗ്ദ്ധനായ ചേകോനെ വരിക്കേണമെന്ന് വാശിയായി. 'ചേകോർ പുറപ്പെട്ട കട്ടത്തനാർ നാട്ടി (കടത്തനാട്ട്), ലോകം അന്വേഷിച്ചെത്തി. അതിൽ ഉണിക്കാനാരാണ് ആരോമൽച്ചേകവരെ അംഗീകരിച്ചത്. അദ്ദേഹം അങ്കംവെട്ടാമെന്നേല്ക്കുകയും ചെയ്തു. അങ്കത്തിനു വിളിച്ചാൽ പോകാതിരിക്കുന്നത് യൂറോപ്യന്മാരുടെ ഇടയിൽ ഡ്വാൻസിനു വിളിച്ചാൽ പോവാതിരിക്കുന്നതുപോലെ, ആഭിജാത്യത്തിനു പററിയതല്ലെന്നായിരുന്നു അക്കാലത്തെ വിശ്വാസം. ആരോമർക്കാണെങ്കിൽ 21വയസ്സു പ്രായം. പുത്തരിയങ്കത്തിനുള്ള പുറപ്പാടമാണ്. അങ്കത്തിന്റെ അവസാനം ആർക്കും നിശ്ചയിക്കുവാനും നിവൃത്തിയില്ല. ആങ്ങള അങ്കത്തിനു പോകുന്നുവെന്നു സ്വപ്നംകണ്ടുവന്ന പെങ്ങൾ ഉണ്ണ്യാർച്ച അദ്ദേഹത്തെ തടഞ്ഞുനാ

* അങ്കത്തിന്റെ പ്രധാനചടങ്ങുകൾ ഈ പാട്ടിൽ വിവരിച്ചതുപോലെ വേറെ വല്ല രേഖയിലും കണ്ടുകിട്ടിയതായി അറിയുന്നില്ല. അങ്കം രാജമാർഗ്ഗത്തിലൊന്നാണെന്നു പലതിലും പ്രസ്താവിച്ചുകാണുന്നുണ്ടെങ്കിലും അതു് അങ്ങിനെയായിത്തീർന്നതു് ഇന്ന വിധത്തിലാണെന്ന് ഈ പാട്ടിൽമാത്രമേ വ്യക്തമാക്കിക്കാണുന്നുള്ളൂ.

കി, ഫലമുണ്ടായില്ല. മാറ്റു കബ്ബെണ്ണലിയും ശ്രമി ച്ചുനോക്കാതെയിരുന്നില്ല. "അങ്കത്ഥികം" സമ്മാനിച്ചു അങ്കക്കിഴി, വീട്ടുകിഴി, നാട്ടുകിഴി എന്നീ കിഴികളിൽ വീട്ടിലേക്ക് അവകാശമുള്ള വീട്ടുകിഴി എടുക്കാതെ വീണ്ടും അവർ വൈമനസ്യം പ്രത്യക്ഷപ്പെടുത്തി. വീട്ടുകിഴി ആരെയെങ്കിലും ഭരമേല്പിക്കാതെ അങ്കത്തിന്നു പോകുന്നതും അന്നത്തെ മര്യാദകളിലുൾപ്പെട്ടിരുന്നില്ല. ഒടുവിൽ ആരോമർ അന്നജനെ നിർബ്ബന്ധിച്ചു. തനിക്ക് അപ്പോൾ അങ്കത്തിൽ വ്യാഴമായതിനാൽ ബാലിക്ക് ഒളിയമ്പുകൊണ്ടു മരണമുണ്ടായതുപോലെയുള്ള അനുഭവമുണ്ടാകുമെന്നും, അങ്ങിനെ കർമ്മമൊടുക്കുന്നതിനെക്കാൾ അങ്കംവെട്ടി മാനത്തോടെ മരിക്കുകയാണ് വീരന്മാർ യോജിച്ചതെന്നും അന്നജനോടു വാദിച്ചുനോക്കിയപ്പോൾ ആ സാധുവിന്ന് സമ്മതിക്കാതെ തരമില്ലെന്നായി. പിന്നെ തുണയെക്കൂട്ടുന്നതിനുള്ള ആലോചനയായി. അങ്കത്തിന്റെ അററകുററങ്ങൾ നോക്കിനില്പാനും, വേണ്ടിവന്നാൽ കുറച്ചുനേരം ചേകോന്മാർക്ക് വിശ്രമാവസരം കൊടുക്കുന്നതിനായി അങ്കംവെട്ടുകതന്നെ ചെയ്വാനും, ആയുധം മുറിയുകയോ മറേറാ ചെയ്താൽ ഉടനെ മറെറാന്നു പകരംകൊടുക്കാനും, ഒരു തുണയെ ഇരുകൂട്ടർക്കും കൂട്ടാമെന്നുണ്ട്. ഇങ്ങിനെ തുണസ്ഥായി എടുക്കുന്നവർ തങ്ങളുടെ ഉത്തമമിത്രങ്ങളൊ, വിശ്വാസപാത്രങ്ങളൊ ആയിരിക്കുന്നതാണ്. അതല്ലെങ്കിൽ അവർ മറുപക്ഷം

ചേകോൻ ചതിക്കുവാൻ ഒരുങ്ങിയെന്നുവരാം. വാശി പിടിച്ചു ചെയ്യുന്ന യുദ്ധമാകയാൽ ജയിക്കുവാൻ സകല മാർഗ്ഗങ്ങളും നോക്കാതിരിക്കുന്നതല്ല. മറുവശത്തുള്ളവന് പണംകൊടുത്തോ മററുവല്ല ഉപായങ്ങളും പ്രയോഗിച്ചോ, സ്വാധീനമാക്കാൻ ശ്രമിക്കുന്നതും അപൂർവ്വമല്ല. ഈ കഥയിൽ ആരോമൽച്ചേകോർ ചതി പററുന്നുമുണ്ട്. മരുമകൻ ചന്തുവിനെ കൂട്ടാമെന്ന് അപ്പൻ അഭിപ്രായപ്പെട്ടു. ആരോമക്ക് അതു വാസ്തവത്തിൽ സമ്മതമായിരുന്നില്ല. ചന്തു ഉണ്ണിയാർച്ചയെ കല്യാണം കഴിക്കേണമെന്ന് ആഗ്രഹിക്കുകയുണ്ടായിട്ടുണ്ട്. ആ ഘട്ടത്തിൽ അവനെ ഉണ്ണിയാർച്ച അവമാനിക്കുകയും, ആരോമർ ആ ആലോചന നിരസിക്കയും ചെയ്തിട്ടുണ്ട്. അതിനുശേഷം അവൻ അകന്നിട്ടാണിരിക്കുന്നത്. അവൻ ഉള്ളിൽ പക വെച്ചിരിക്കുന്നുണ്ടെങ്കിൽ അതു വീട്ടാൻ ഈ അവസരം അവൻ ഉപയോഗിക്കാതിരിക്കുന്നതല്ല. ഇങ്ങിനെ അവനെപ്പററി സംശയമുണ്ടായിരുന്നാലും അപ്പന്റെ ഹിതപ്രകാരം ചെയ്യാനുറച്ച് അവനെ തുണ കൂട്ടാൻ നിശ്ചയിച്ചു. അവനെ വരുത്തി സംഗതികരം ഗ്രഹിപ്പിച്ചപ്പോൾ അവൻ വിസമ്മതം കാണിക്കയുണ്ടായില്ല. തന്നോടുള്ള വിരോധം ഇപ്പോൾ പ്രകാശിപ്പിക്കരുതെന്നും, ആങ്ങള അങ്കം ജയിച്ചു വന്നാൽ ചന്തുവിന്റെ ഭാര്യയായി ഇരുന്നുകൊള്ളാമെന്നും ഉണ്ണിയാർച്ച പറഞ്ഞുനോക്കിയെങ്കിലും അവൻ അനുകൂലഭാവമല്ല കാണിച്ചത്. ചന്തു മുൻകൂട്ടി പറ

പ്പെട്ടു. വഴിക്കു മാററങ്കേച്ചേകവരുടെ മരുമകളായ കുട്ടിമാണിയുടെ മിരട്ടിൽ മയങ്ങി ആരോമൽച്ചേകവരെ ചതിക്കാമെന്നേററു. കൊല്ലനെ വശത്താക്കി ചുരികപ്പിടിയിലുള്ള ഇരുമ്പാണി നീക്കി മുള്ളാണി അതിലിട്ടുമുറുക്കി. മാററങ്കേച്ചേകവൻ അങ്കത്തട്ടിൽ തന്നെ ആശാരിയെക്കൊണ്ട് കള്ളപ്പലകകളുണ്ടാക്കിവെപ്പിച്ചു. ഈവക പണികളൊന്നും അറിയാതെയുള്ള ആരോമരുടെ പുറപ്പാടിന്നു ശേഷമുള്ള കഥയാണ് തിരഞ്ഞെടുത്ത ഭാഗംകൊണ്ട് വിവരിക്കുന്നത്.

ചേകോന്മാരാരാണ്?

ചേകോന്മാർ ആരാണെന്നുള്ള വിചാരത്തിന്നു മുമ്പ് ചേകവൻ എന്ന ശബ്ദത്തെക്കുറിച്ചുതന്നെ രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. Dr. Gundert ന്റെ അകാരാദിയിൽ ഇതിന്റെ രൂപം ചേകവൻ എന്നും ചേവകൻ എന്നും രണ്ടു വിധത്തിൽ കാണുന്നുണ്ട്. ഈ പദം ചേകം (ചെയ്യുക എന്ന ക്രിയയിൽനിന്ന്) എന്ന ശബ്ദത്തിൽനിന്ന് ഉത്ഭവിച്ചതാണോ എന്നും അദ്ദേഹം സംശയിക്കുന്നുണ്ട്. അങ്ങിനെയാണെങ്കിൽ ചേകവൻ എന്നല്ലാതെ ചേവകൻ എന്ന രൂപം വരാനിടയില്ല ചേകം എന്ന വാക്കിന് Service, chiefly about the Rajah's person (മുറപ്രവൃത്തി, പ്രത്യേകിച്ചു രാജദേഹത്തോടടുത്തുള്ളത്) എന്നർത്ഥവും പറഞ്ഞുകാണുന്നുണ്ട്. രാജാവിന്റെ രക്ഷാപുരുഷനായിരിക്കുക

എന്നാണല്ലോ ഇതിന്നർത്ഥം. അങ്ങിനെയാകുമ്പോൾ ആ സ്ഥാനം വഹിക്കുന്നാൾക്ക് പ്രത്യേകമായ ചില പദവികളുണ്ടായിരിക്കുന്നമെല്ലോ. ആദികാലങ്ങളിൽ അതി വിദഗ്ദ്ധന്മാരായ രണ്ടുമൂന്നാൾക്കുമാത്രമെ ആ മാന്യപദവി കൊടുത്തിരിക്കാനും ഇടയുള്ളൂ. ക്രമേണ ചേകം എന്നപദം അരമനയെ സംബന്ധിച്ച എല്ലാ പ്രവൃത്തികൾക്കും ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ—രക്ഷാകർത്തൃത്വം തുടങ്ങി, ഭൃത്യത്വംവരെയുള്ള സകല വൃത്തിക്കും ഈ വാക്ക് ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ—ചേകവനും ചേവകനും ഒരാളുതന്നെയോ എന്ന സംശയവും ജനിച്ചിരിക്കണം. അല്ലാതെ ശ്രീമാൻ സി. വി. കുഞ്ഞുരാമൻ പറയും പോലെ * ചേകവശബ്ദത്തിന്റെ ഉല്പത്തി കണ്ടു പിടിക്കുവാൻ "സംസ്കൃതചേവകശബ്ദത്തെ സേവിക്കാൻപോകേണ്ട ആവശ്യമില്ല." ആരോമൽച്ചേകവരെക്കുറിച്ചുള്ള പാട്ടിൽതന്നെ "അങ്കം പിടിച്ചാലെ ചേകോരാവൂ" എന്ന പ്രസ്താവിച്ചു കാണുന്നതിൽ നിന്ന് ചേകോൻപദവി സമരവീരന്മാരുടെ വീട്ടുമുദ്രയാണെന്നുകൂടി ഊഹിക്കേണ്ടിയിരിക്കുന്നു. തമിഴിൽ ചേകം എന്ന പദത്തിന്ന മരത്തിന്റെ 'കാതൽ' എന്നർത്ഥമുണ്ട്. കാതലുപോലെ സുസ്ഥിരമായ സ്ഥിതിയും അന്തസ്സുമുള്ള ഒരു കൂട്ടരാണ് ചേകോന്മാർ എന്ന് അനുമാനിക്കുന്നതായാലും നാടോടിപ്പാട്ടുക

---

* ഈഴവരുടെ ഇതിഹാസം (മി: കെ. ദാമോദരൻ ബി. എ.) എന്ന ഗ്രന്ഥത്തിന്റെ മുഖവുര ഒന്നാംഭാഗം.

ളിൽ അവൎക്ക് കല്പിച്ചുകാണുന്ന 'വിരുതു'കൾക്ക് വിപരീതമായിരിക്കുന്നതല്ല. രാജാവ് എന്നൎത്ഥമുള്ള "കോൻ"ശബ്ദത്തിന്നും 'ചേകോ'നും വല്ല ബന്ധമുണ്ടോ എന്ന് അന്വേഷിക്കുന്നതും രസാവഹമായിരിക്കാനിടയുണ്ട്.

ചേകോന്മാരുടെ ജാതി.

ആരോമൽച്ചേകവർ തന്റെ വംശപരമ്പരയെക്കുറിച്ച് അനുജന് പറഞ്ഞുകൊടുക്കുന്ന കൂട്ടത്തിൽ അവർ ചേരമാൻ പെരുമാളുടെ ആവശ്യപ്രകാരം ഈഴം എന്ന നാട്ടിൽനിന്ന് വന്നവരാണെന്നും, അവൎക്ക് പെരുമാൾ കല്പിച്ചുകൊടുത്തിട്ടുള്ള പദവികളിൽ ചേകോൻപദവിയും ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്താവിക്കുന്നുണ്ട്. ഈഴം ദേശത്തുനിന്നു വന്നവർ ഈഴവരാണെന്നും പറഞ്ഞുവരാറുണ്ട്. അതുകൊണ്ട് ചേകോന്മാരെല്ലാം ഈഴവരായിരുന്നുവെന്നു സാമാന്യമായി പറയേണ്ടിയിരിക്കുന്നു. "അങ്കംപിടിച്ചാലേ ചേകോരാവൂ" എന്നു മൊഴി ഈഴവരിൽപ്പെടാത്ത ഒരാൾ അങ്കം പിടിച്ചാൽ അയാളും ചേകോൻസ്ഥാനത്തിന്ന് അൎഹനാകുമോ എന്ന ചോദ്യത്തിന്ന് അവകാശം തരുന്നുണ്ട്. അങ്കം പിടിക്കാത്തവൻ ചേകോനാകയില്ലെന്നല്ലാതെ അങ്കം പിടിച്ചവരൊക്കെ ചേകോരാകയില്ലയോ എന്ന കാൎയ്യം വ്യക്തമാകുന്നില്ല.

ചേകോന്മാർ കേരളത്തിൽ വന്നകാലം.

ചേകോന്മാർ കേരളത്തിൽ വന്നകാലത്തെപ്പറ്റിയും അവൎക്ക് കേരളത്തിൽ കല്പിച്ചുകൊടുത്തിട്ടു

ള്ള പദവികളെപ്പററിയും ചില വിവരങ്ങൾ ഈ പാട്ടിന്റെ പൂർവ്വഖണ്ഡത്തിലുണ്ട്.

"നമ്മുടെ പണ്ടത്തെ കാർന്നോന്മാരും
അങ്കംപിടിച്ചു കഴിഞ്ഞുപോന്നു
മുന്നൂററുപത്തെട്ടു വരിഷമായി"
അന്നുതൊട്ടിന്നുവരെക്കുമുണ്ണി

എന്ന ഭാഗംകൊണ്ട് ആരോമൽച്ചേകവരുടെ കാലമായപ്പോഴേക്ക് ചേകോന്മാർ വന്നിട്ട് 368 വർഷമായിയെന്നാണല്ലോ ഊഹിക്കേണ്ടത്. അവർ ചേരമാൻ പെരുമാളുടെ കല്പനപ്രകാരം വന്നവരാകയാൽ പെരുമാളുടെ കാലത്താണ് അവരുടെ ആഗമനമെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ ചേരമാൻ പെരുമാൾ ആരായിരുന്നുവെന്നു തീർച്ചപ്പെടുത്തുന്നത് അത്ര എളുപ്പമല്ല. ചേരരാജ്യത്തുനിന്നു വന്ന പെരുമാക്കന്മാരെയൊക്കെ ചേരമാൻപെരുമാൾ എന്നു പറഞ്ഞു വന്നിരുന്നുവെന്നാണ് മി: കെ. പി. പത്മനാഭമേനോൻ പറയുന്നത് * ഒടുവിലത്തെ പെരുമാളെയാണ് ചേരമാൻപെരുമാളെന്ന സംജ്ഞകൊണ്ടു കുറിക്കുന്നതെന്നു ചിലർക്ക് അഭിപ്രായമുണ്ട്. ഒടുവിലത്തെ പെരുമാൾ ഐതിഹ്യപ്രകാരം കേരളം സാമന്തരാജാക്കന്മാർക്കും മററുമായി പകുത്തുകൊടുത്തത് ക്രി. വ. 385-ലാണ്. ഈ സംഭവം (കേരളവിഭാഗം) നടന്നത് ക്രി. വ. 5-ാംനൂററാണ്ടിലൊ 6-ാംനൂററാ

* കൊച്ചീരാജ്യചരിത്രം ഒന്നാംഭാഗം.

ങ്ങളിലോ ആയിരിക്കാമെന്ന് മി: സി. അച്യുതമേനോൻ ഊഹിക്കുന്നു. * കേരളോല്പത്തിപ്രകാരം പെരുമാൾ വാഴ്ചതുടങ്ങിയതു് ക്രി. വ. 21-ലും അവസാനിച്ചതു് 428-ലും ആണ്. മലബാർമാനുവൽകർത്താവായ ലോഗൻ ഒടുവിലത്തെ പെരുമാളെ ക്രി. വ. 825വരെ നീട്ടി കൊണ്ടുപോകുന്നുണ്ടു്. ഇവർ ഓരോരുത്തരുടേയും അഭിപ്രായത്തിന്ന് അടിസ്ഥാനമായ വാദങ്ങളെ പരിശോധിക്കുവാൻ തുടങ്ങിയാൽ ഈ മുഖവുരതന്നെ ഒരു പുസ്തകമായി പരിണമിക്കുന്നതാണ്. ഒരു കാര്യം നമുക്കു തീർച്ചയാക്കാവുന്നതാണ്. ക്രി. വ. 21-നും 825-നും മദ്ധ്യേയാണ് പെരുമാൾവാഴ്ച കേരളത്തിൽ നിലനിന്നിട്ടുള്ളതു് പാട്ടിൽ പ്രസ്താവിച്ച പെരുമാൾ ഒടുവിലത്തെ ആളാണെങ്കിൽ ചേകോന്മാർ വന്നകാലം ഏകദേശം ക്രിസ്ത്വാബ്ദം 1193-ലാണ്. പെരുമാക്കന്മാരുടെ കാലം ക്രി. വ. 428-ൽ അവസാനിച്ചതായി വിചാരിക്കയാണെങ്കിൽ ചേകോന്മാരുടെ കാലം ക്രി. വ. 796-ലാണെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇനി മറ്റൊരു സംഗതികൂടി ഇവിടെ ചിന്തിക്കേണ്ടതായുണ്ടു്. കേരളത്തിൽ ഈഴവരുടേയും തേങ്ങയുടേയും വരവ് ഒന്നിച്ചാണെന്നും ഐതിഹ്യമുണ്ടു്. തേങ്ങയെപ്പററിയുള്ള തെളിവുകൾ നോക്കുന്നതായാൽ, ക്രി. വ. ഒന്നാംനൂററാണ്ടിലെ രേഖയാണെന്ന് വിശ്വസിച്ചുവരുന്ന Periplus Maris Erytraei-യിൽ കേരളത്തിൽനിന്ന് കയററു

---

* Cochin State Manual. Page 37.

മതി ചെയ്തിരുന്ന സാധനങ്ങളുടെ കൂട്ടത്തിൽ തേങ്ങ ഉൾപ്പെടുത്തിക്കാണുന്നില്ല. ക്രിസ്തുവർഷം 6-ാംനൂററാണ്ടിലെ വിവരണത്തിൽ (Cosmos Indicopleustes) തേങ്ങയെ ഉൾപ്പെടുത്തിട്ടുണ്ടെന്ന് മാത്രമല്ല പ്രത്യേകം വർണ്ണിച്ചിട്ടും ഉണ്ട്. ഈഴവരും തേങ്ങയും ഒന്നിച്ചാണ് കേരളത്തിൽ കാലെടുത്തുവെച്ചത് എന്നു വിശ്വസിക്കുന്നപക്ഷം ക്രി. വ. ഒന്നും ആറും നൂററാണ്ടുകൾക്കിടയിലാകണമല്ലോ ഈഴവരുടെ ആഗമനവും. പെരുമാക്കന്മാരെ സംബന്ധിച്ച തെളിവും തേങ്ങയെപ്പററിയുള്ള തെളിവും അന്യോന്യം തട്ടിച്ചുനോക്കുമ്പോൾ ചേരകോന്മാരുടെ കാലം ക്രി. വ. 796-ാമാണ്ടിൽനിന്ന് ഒരു രണ്ടു ശതാബ്ദം മുമ്പോട്ടു തള്ളേണ്ടിവരുന്നതാണ്.

ആരോമൽച്ചേകവരുടെ കാലവും അക്കാലത്തെ കേരളവും.

ചേരമാൻപെരുമാളുടെ കാലത്തിന്നുശേഷം 368 കൊല്ലങ്ങൾ കഴിഞ്ഞു ജീവിച്ചിരുന്ന ഒരു വീരനാണു ആരോമൽച്ചേകവരെന്ന് ഇതിന്നുമുമ്പ് പ്രസ്താവിച്ചുവല്ലോ. ആ കാലം ഇന്നതാണെന്ന് ക്ളിപ്തമായി പറവാൻ വിഷമമുണ്ടെങ്കിലും ആരോമൽച്ചേകവരെ ആദരിച്ചുവന്ന കേരളത്തിന്റെ ഒരു സ്വരൂപജ്ഞാനം നമുക്ക് പാട്ടിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. ഉണ്ണിക്കോനാരുടേയും ഉണ്ണിച്ചന്ത്രോരുടേയും മൂപ്പിളമത്തർക്കമാണ് പാട്ടിലെ വിഷയമെങ്കിലും അവർ അവരുടെ ഉദ്ദേശനിർവ്വഹണത്തിന്ന് അംഗീകരിച്ച മാർഗ്ഗ

ങ്ങളുടെയും അവയുടെ പര്യവസാനമായ അങ്കത്തിന്റെയും വിവരണത്തിൽനിന്ന് പല സംഗതികളും തെളിഞ്ഞു കാണുന്നുണ്ട്.

അമ്മാമന്റെ മരണശേഷം കാരണവസ്ഥാനം കയ്യേറുവാൻ കലഹിച്ചുകൊണ്ടിരിക്കുന്ന ഇവരുടെ അവകാശത്തർക്കം പരമകാഷ്ഠയിലെത്തുന്നത് കന്നത്തെ അരയൻ മീൻവെട്ടിയപ്പോഴാണ്. ദേശപ്രമാണിക്കു കിട്ടേണ്ടതായ ഓഹരി ഉണിച്ചന്ത്രോർക്കയച്ചത് ഉണിക്കോനാർക്ക് രസിച്ചില്ല. അരയനെപ്പിടിച്ച് ഉണിക്കോനാർ നഗരനേടക്കൽ ഹാജരാക്കി. അരയത്തി നിലവിളിച്ചുകൊണ്ട് വിവരം ഉണിച്ചന്ത്രോരെ അറിയിച്ചപ്പോൾ അയാൾ ആൾക്കാരോടുകൂടി വന്ന് ഒരു കയ്യ് നോക്കാനുള്ള വട്ടമായി. ആ ഘട്ടത്തിൽ ആവലാതി കേൾക്കാനായി നാടുവാഴിയെത്തി. "നഗരികൾ നാലിനും" നാടുവാഴികൾ എത്തിയെന്നാണ് കാണുന്നത്. അവർക്ക് ഇവരുടെ തർക്കം തീർക്കാൻ സാധിച്ചില്ല. തൃപ്പംകോട്ടപ്പന്റെ തൃപ്പടിയിന്മേൽ പൊതിവെച്ച് പരീക്ഷിച്ച് ഈശ്വരേച്ഛ അറിഞ്ഞ് അതുപ്രകാരം നടന്നുകൊള്ളുവാനായി അവർ ഉപദേശിക്കുന്നു. അതുകൊണ്ടും കാര്യം അവസാനിച്ചില്ല. പിന്നെയാണ് അങ്കത്തിനുള്ള പുറപ്പാട്. ഈ നടവടിക്രമത്തിൽനിന്ന് അന്ന് കേരളമോ അതിന്റെ വിഭാഗങ്ങളോ ഒരു രാജാവിന്റെ ഭരണത്തിൻകീഴിലായിരുന്നില്ലെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. നാട്ടിൽ പ്രമാണികളടങ്ങിയ ഒരു ചെ

റിയ 'കൂട്ടം' (സഭ) 'നഗരി' എന്നു പറയുന്നതായ ഒരു മുഖ്യസ്ഥലത്തു് കൂടിയിരുന്നുവെന്നും, അതിൻെറ നടവടികൾ നിയന്ത്രിച്ചിരുന്ന 'നാട്ടുവാഴി' എന്ന സ്ഥാനപ്പേരുള്ള ഉദ്യോഗസ്ഥൻ നാട്ടുകാര്യങ്ങൾ വിചാരണ ചെയ്തിരുന്നുവെന്നുമാണല്ലോ ഈ വിവരണത്തിൽനിന്നു് മനസ്സിലാക്കേണ്ടതു്. നാട്ടുവാഴിക്കു കീഴിലായി ഒരു "വാഴ്നാവ"രെയും കാണുന്നുണ്ടു്. അവരുടെ അധികാരത്തിനു് ഒരറുതിയുണ്ടെന്നും; അവരുടെ തീർപ്പോ അഥവാ ഉപദേശമോ തൃപ്തികരമായില്ലെങ്കിൽ ഇരുകക്ഷികൾക്കും ഈശ്വരപരീക്ഷയെ അവലംബിക്കുകയോ അങ്കംവെട്ടുകയോ ചെയ്യാമെന്നും കാണുന്നു. ഒരു രാജാവിൻെറ കീഴിൽ നിയമിക്കപ്പെടുന്ന ന്യായാധിപന്മാർ ജനങ്ങൾതമ്മിലുള്ള വാദപ്രതിവാദങ്ങൾ വിചാരണചെയ്തു് അവരുടെ തീരുമാനം അധികാരമുറയ്ക്കു് ഇരുകൂട്ടരെക്കൊണ്ടും അംഗീകരിപ്പിക്കുന്ന ഒരു സമ്പ്രദായമല്ല ഇതെന്നു് വ്യക്തമാവുന്നുണ്ടു്. ഒടുവിൽ അങ്കംവെട്ടാനുള്ള അവകാശവും ഉണ്ടെന്നു കാണുന്നതിനാൽ വ്യക്തിസ്വാതന്ത്ര്യ സർവ്വോപരി ആദരിച്ചിരുന്ന ഒരു കാലമാണു് ആരോമരുടെ കാലമെന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

അങ്കത്തിൻെറ ചടങ്ങുകളും പ്രത്യേകം ശ്രദ്ധിക്കേണ്ടവയാണു്. ആദ്യം ചേകവനെ തിരഞ്ഞുപിടിക്കണം. അങ്കം വെട്ടാനായി ആരെങ്കിലും അപേക്ഷിച്ചാൽ ആ അർത്ഥന ഒരിക്കലും നിരസിക്കരുതെന്നായിരുന്നു അന്നത്തെ വീരമര്യാദ. അങ്കം വെട്ടാ

നേറാകഴിഞ്ഞാൽ ചേകവന് അവകാശപ്പണം കൊടുക്കേണ്ടതുണ്ട്.

<u>വീട്ടുകിഴി</u> നാലും വേറെവെച്ചു
<u>നാട്ടുകിഴി</u> നാലും വേറെവെച്ചു
<u>അങ്കക്കിഴി</u> മൂന്നും വേറെവെച്ചു.

എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്. അങ്കത്തിന്റെ അവസാനം എങ്ങിനെയാണെന്നു ഉറപ്പില്ലല്ലോ. ആരെങ്കിലും ഒരാൾ മരിക്കുന്നതുവരെ അങ്കം വെട്ടണമെന്നാണ് നിശ്ചയം. ചേകവൻ മരിക്കുന്നതായാൽ അയാളുടെ തറവാട്ടിലേക്ക് അതുകൊണ്ടുണ്ടാകുന്ന നഷ്ടം പരിഹരിക്കുകയെന്നോദ്ദേശമാണ് ഈ കിഴി വെക്കുന്ന ഏർപ്പാട് സൂചിപ്പിക്കുന്നതു്. വീട്ടുകിഴി തറവാട്ടിലേക്കു പോകുന്നു. നാട്ടുകിഴി ഭരണാധികാരികൾക്ക് കൊടുക്കേണ്ടതാണ്. അങ്കക്കിഴി ചേകവൻ ഇഷ്ടംപോലെ മരുമക്കൾക്കോ മക്കൾക്കോ കൊടുക്കുമായിരിക്കാം. മരിച്ചില്ലെങ്കിൽ തനിക്കുതന്നെ ഉപയോഗിക്കുകയും ചെയ്യാവുന്നതാണല്ലോ. നാടുവാഴിക്കും നാട്ടാർക്കും മുൻകൂട്ടി അറിവുകൊടുത്തിട്ടാണ് അങ്കം നിശ്ചയിക്കുന്നതു്. അങ്കത്തട്ട പണിയുക, അതിന്നു നാലുപുറവും നാടുവാഴി മുതലായ പ്രമാണികൾക്കും മാലോകർക്കും അങ്കത്തിന്നു സാക്ഷികളായി ഇരിക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യു, ഇതെല്ലാം ഭരണാധികാരികളുടെ പ്രവൃത്തിയിൽ ഉൾപ്പെ

ട്ടുന്നു. അതിലേക്കുള്ള ചിലവിന്നും മററുമായിട്ടാണ് നാട്ടുകിഴി വെക്കുന്നതെന്നും അനുമാനിക്കേണ്ടിയിരിക്കുന്നു.

ഇതിന്നുപുറമെ ചേകോൻ അങ്കത്തിന്നു പുറപ്പെടുന്നതിന്നുമുമ്പ് തൻെറ അന്തജനെ വിളിച്ചു് നാട്ടുകാരോടും തങ്ങളുമായി ഇടപാടുള്ളവരോടും പെരുമാറേണ്ടുന്ന രീതികൾ, ആണ്ടറുതികളിലുള്ള ആചാരങ്ങൾ, അവകാശക്രമത്തിൽ വസ്തുക്കൾ തിരിച്ചുകൊടുത്തിട്ടുള്ള പെങ്ങന്മാർ മററു ബന്ധുക്കൾ എന്നിവരൊത്തു കാര്യാന്വേഷണം ചെയ്യേണ്ടുന്ന വിധങ്ങൾ പലവിധ കളരികളിലുള്ള പയററുമുറകൾ, പരദേവതപൂജകൾ, എന്നിവയെപ്പററിയെല്ലാം വിസ്തരിച്ചു പറഞ്ഞുകൊടുത്തിട്ടുണ്ട്. അന്നത്തെ കേരളത്തിൽ നടപ്പുണ്ടായിരുന്ന സാമുദായികാചാരങ്ങളുടെ ഒരു നല്ല ചിത്രം കാണണമെന്ന് ആഗ്രഹിക്കുന്നവർക്ക് ഈ പാട്ടിനെപ്പോലെ ഒരു രേഖ കിട്ടുന്നകാര്യം സംശയമാണ്; സ്ഥലച്ചുരുക്കത്താൽ അവയെല്ലാം വിവരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ വായനക്കാരുടെ ശ്രദ്ധയെ തല്ക്കാലം ആ വിഷയത്തിലേക്കു ക്ഷണിക്കുമാത്രമേ ചെയ്യുന്നുള്ളൂ.

അന്യസമുദായക്കാർ.

കേരളത്തിൽ ഇന്ന് സർവ്വപ്രാധാന്യം വഹിച്ചു കാണുന്ന ഇടപ്രഭുക്കന്മാരെപ്പററിയും കേരളബ്രാഹ്മണരെപ്പററിയും പാട്ടിൽ അപൂർവ്വമായേ പ്രസ്താവിച്ചു

കാണുന്നുള്ളു എന്ന പരമാൎത്ഥവും നമ്മുടെ ശ്രദ്ധയെ അൎഹിക്കേണ്ടതാണ്. "പൂണൂൽ ചിട്ടാലെ നമ്പൂതിരിയാവു" എന്നൊരു പ്രസ്താവംമാത്രമെ കേരളബ്രാഹ്മണരെസംബന്ധിച്ചിടത്തോളം കാണുന്നുള്ളു. ഇതിൽനിന്ന് ആരോമൻചേവകരുടെകാലത്തു കേരളബ്രാഹ്മണൎക്ക് ഇന്നുള്ള പ്രാധാന്യമോ പ്രാബല്യമോ ഉണ്ടായിരുന്നില്ലെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. മുഹമ്മദീയരെപ്പററി യാതൊന്നും പ്രസ്താവിച്ചുകാണാത്തതിൽനിന്ന് ആരോമരുടെകാലം അവർ കേരളത്തിൽ വരുന്നതിന്നു മുമ്പായിരിക്കണമെന്നും അനുമാനിക്കാവുന്നതാണ്. നാഗ (൭) പുരത്തങ്ങാടിയിൽ വലിയ വ്യാപാരിയായ നാഗപ്പൻചെട്ടി ചേരകോന്റെ തറവാട്ടുകാരുമായി മുമ്പുതന്നെ ഇടപാടുള്ളവനായി കാണുന്നതുകൊണ്ട് അക്കാലത്തു കച്ചവടത്തിലേൎപ്പെട്ടിരുന്നവർ ചെട്ടികൾമാത്രമായിരിക്കാനും ഇടയുണ്ട്. ചേകവരുടെ അമ്മാമൻ മരിച്ചാൽ "മുടിച്ചുടുന്ന"തിന്ന് അമ്പാടിക്കോലോത്തെ മേനോന്മാർ വരേണമെന്ന് പറഞ്ഞിരിക്കയാൽ ഈഴവന്മാരും മേനോന്മാരും (നായന്മാരും) തമ്മിൽ ഇന്ന് കാണുന്ന അകൽച്ച അന്നുണ്ടായിരുന്നില്ലെന്നും സ്പഷ്ടമാവുന്നുണ്ട്. ഇപ്പോഴും ഉത്തരകേരളത്തിൽ (തലശ്ശേരി മുതലായ പ്രദേശങ്ങളിൽ) ഈഴവരെ സംബന്ധിച്ചേടത്തോളം "തൊട്ടാൽ കുളി"യല്ലാതെ "തീണ്ടിക്കുളി"യില്ലതാനും. തെക്കെ മലബാറിൽ "തീണ്ടിക്കുളി"യും ആചരിച്ചുവരുന്നുണ്ട്. ഇവ്യവസ്ഥിതിയിലിരുന്നിരുന്ന ഈ രണ്ടു സമു

ദായക്കാരും — പ്രാചീനകേരളത്തിന്റെ അഭിമാനസ്തംഭങ്ങളായിരുന്ന ഈ രണ്ടു സമുദായക്കാരും — പിന്നീട് അകന്നുനില്പാനുള്ള കാരണം ആരാഞ്ഞറിയേണ്ടതായിട്ടാണിരിക്കുന്നത്. അന്വേഷണംകൊണ്ടു കിട്ടുന്ന തെളിവുകൾ സമുദായസ്പർദ്ധയുള്ള മൂലകാരണങ്ങളെ അടിയോടെ മറിക്കുവാൻ മതിയാവുന്നവയായിരിക്കാതെയും തരമില്ല.

ഉപസംഹാരം.

അവശ്യവിജ്ഞേയങ്ങളായ പല സംഗതികളും ഇനിയും ഈ പാട്ടിനെപ്പററി പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. പക്ഷെ അവയിൽ പലതും പാട്ടിന്റെ പൂർവ്വഖണ്ഡത്തെ സംബന്ധിക്കുന്നതാകയാലും, ഈ പാട്ടു മുഴുവനും പാഠഭേദങ്ങൾ ആവുന്നേടത്തോളം ശരിപ്പെടുത്തി പ്രസിദ്ധപ്പെടുത്തേണമെന്ന് വിചാരിക്കുന്നതിനാലും തല്ക്കാലം ഇതിലധികം വിസ്തരിക്കുന്നില്ല. ഒന്നുരണ്ടു കാര്യങ്ങളിലേക്കുകൂടി വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചു് ഈ മുഖവുര ഉപസംഹരിച്ചുകൊള്ളാം.

നാടോടിപ്പാട്ടുകളുടെ കർത്തൃത്വം, അവയിൽ കാണുന്ന പാഠഭേദങ്ങൾ, ഇവ ആരാഞ്ഞറിയുന്നത് എളുപ്പമല്ലെന്ന് എനിക്ക് അനുഭവംകൊണ്ടു് ബോദ്ധ്യമായിട്ടുണ്ട്. ചൊല്ലുന്നവരുടെ പരിചയമനുസരിച്ചു പലരും പലവിധത്തിൽ പാട്ടുകൾ പാടുന്നതായിട്ടാണ് കാണുന്നത്. ചില വാക്കുകളുടെ അർത്ഥ

വും സ്ഥലപ്പേരുകളും പാടുന്നവർക്ക് വ്യക്തമാകാതെ വന്നാൽ ആ സ്ഥാനത്ത് പുതിയ വാക്കുകളും സ്ഥലപ്പേരുകളും സ്ഥലംപിടിക്കുന്നതും അപൂർവ്വമല്ല. ഈ വക വൈഷമ്യങ്ങൾ വർദ്ധിപ്പിക്കുവാൻ അച്ചടിവേലക്കാരുടെ മനോധർമ്മവും സഹായിച്ചാൽ പിന്നത്തെ കഥ പറയാനുണ്ടോ? 'പരമ്പര' 'ഭാരംപേരയായും' 'കോലത്തിരി' 'കോലോസ്ത്രീ'യായും രൂപാന്തരപ്പെടുത്തുന്നതിന് പാട്ടുകാർക്ക് വലിയ ക്ലേശമൊന്നുമില്ല. "പ്രജാപതിനാടി"ന്റെയും "തഞ്ഞണിമണിക്ഷേത്ര"ത്തിന്റെയും ആഗമം ആലോചിച്ചുണ്ടാക്കേണ്ടുന്ന ഭാരവും അവർക്കില്ല. ഈ ദുർഘടങ്ങൾകൊണ്ട് ഞാൻ സ്വീകരിച്ച പാഠങ്ങളോ അർത്ഥകല്പനകളോ നിർദ്ദോഷമാണെന്നു പറവാൻ ഞാൻ ഒരിക്കലും ധൈര്യപ്പെടുന്നില്ല. പലരെക്കൊണ്ടും പാടിച്ചുനോക്കി പാഠഭേദങ്ങൾ എന്റെ യുക്തിക്കനുസരിച്ച് ശരിപ്പെടുത്താനും, ശബ്ദകോശങ്ങളിൽ കാണാത്ത പദങ്ങളുടെ അർത്ഥം പഴക്കംകൂടുന്ന കാരണവന്മാരുടെ മൊഴികൾ ആസ്പദമാക്കി കല്പിക്കുവാനും, ഞാൻ കഴിയുന്ന ശ്രമം ചെയ്തിട്ടുണ്ടെന്നുള്ള ചാരിതാർത്ഥ്യംമാത്രമേ എനിക്കുള്ളൂ. ഇത്തരം പ്രസിദ്ധീകരണങ്ങൾ മുമ്പുണ്ടായിട്ടില്ലാത്തതിനാൽ സ്വപ്രയത്നമല്ലാതെ മറ്റൊന്നും മാർഗ്ഗദർശകമായി കണ്ടെത്താനും കാണുന്നില്ല. അതുകൊണ്ടു നാടോടിപ്പാട്ടുകളിൽ ശ്രദ്ധപതിപ്പിച്ചിട്ടുള്ള സഹൃദയന്മാരും പണ്ഡിതന്മാരും എന്റെ ഈ പരിശ്രമത്തിൽ കണ്ടേക്കാവുന്ന കുററവും കുറവും സദയം

ചൂണ്ടിക്കാണിച്ചു് എന്നെ പ്രോത്സാഹിപ്പിക്കേണമെന്നു് എനിക്കു പ്രത്യേകം അപേക്ഷയുണ്ടു്.

നാടോടിപ്പാട്ടുകൾക്കു സാഹിത്യത്തിൽ പ്രവേശമനുവദിക്കാമോ എന്നു് സംശയിക്കുന്നവർ പലരുമുണ്ടായേക്കാം. വായിക്കുന്നവരുടെ അകക്കരുന്നു് അവരറിയാതെ ആകർഷിച്ചു സന്ദർഭത്തിനൊത്ത വികാരങ്ങൾകൊണ്ടു് അതിനെ ചാഞ്ചാടിക്കാനുള്ള ശക്തി ഉത്തമസാഹിത്യലക്ഷണങ്ങളിലൊന്നായി ഗണിക്കുന്ന കാലത്തോളം നാടോടിപ്പാട്ടുകളെ സാഹിത്യകാരന്മാർക്കു് വിസ്മരിക്കുവാൻ തരമുണ്ടെന്നു തോന്നുന്നില്ല. അലങ്കാരധോരണിയുടെ വൈവിധ്യംകൊണ്ടോ, അത്ഥചമൽക്കാരത്തിൻെറ കൃത്രിമരൂപങ്ങൾകൊണ്ടോ, നാടോടിപ്പാട്ടുകൾ നമ്മെ സന്തോഷിപ്പിക്കുന്നില്ലെങ്കിൽ, കേട്ടമാത്രയിൽ ഉള്ളിൽക്കേറുന്ന പദപ്രയോഗങ്ങൾകൊണ്ടും, കണ്ടപോലെ അനുഭവമുണ്ടാക്കുന്ന സജീവവർണ്ണനകൾകൊണ്ടും, വളവും തിരിവുമില്ലാതെ യഥാസ്ഥിതി കാര്യങ്ങൾ പ്രതിപാദിച്ചു് മനസ്സിനെ പിടിച്ചുനിർത്തുന്ന ലളിതകോമളമായ ആഖ്യാനരീതികൊണ്ടും, ഇതിനൊക്കെ പുറമെ, നമ്മുടെ ജീവിതത്തൊടടുത്തു് നമുക്കുമുമ്പു് കാലംകഴിച്ചവരുടെ കഥയിൽ കൌതുകമുണ്ടാക്കുന്നതായ "ഉള്ളിണക്കം"കൊണ്ടും, അവ നമ്മെ ആനന്ദനൃത്തം ചെയ്യിക്കുന്നുണ്ടെന്നുള്ളതു് നമുക്കാക്കും സമ്മതിക്കാതെയും തരമില്ല.

"മയിലും പറന്നങ്ങിരിക്കുംവണ്ണം
തട്ടിന്മേൽ ചെന്നങ്ങിരുന്നവനും,"

"കരിമ്പുവിൻതണ്ടങ്ങറുക്കുംപോലെ
അരിങ്ങോടർതന്റെ തലയറുത്തു"

എന്നിങ്ങിനെയുള്ള പ്രയോഗങ്ങൾ ഒരു രസികശിരോമണിയുടേതാവാതിരിപ്പാൻ നിവൃത്തിയില്ല ആരോമർ, തുമ്പോലാർച്ചയിൽ തനിക്കുണ്ടായ മകനെ വരുത്തി, മടിയിലിരുത്തി, അവന്റെ ഭാരം അനുജനെ ഏല്പിച്ച്, ഇളനീർ കുടിച്ച് തനിക്കുചുറ്റും നിന്നിരുന്ന അച്ഛൻ, വാഴുന്നോർ, അനുജൻ, ഉണ്ണ്യാർച്ച, കുഞ്ഞുണ്ണൂലി, മാലോകർ എന്നിവരോട്

"ഇനിയുള്ള കാഴ്ചയും നമ്മൾതമ്മിൽ
ഇനിയുള്ള കാലത്തു കാണ്കയില്ല"

എന്ന് അവസാനയാത്രയും പറഞ്ഞ് ഇഹലോകവാസം വെടിയുന്ന ഭാഗം കണ്ണിൽ വെള്ളം നിറക്കാതെ സാധാരണക്കാർക്കുംകൂടി വായിക്കുവാൻ പ്രയാസമാണ്. ഇങ്ങിനെ മനസ്സലിയിക്കാനുള്ള ശക്തി കാവ്യഗുണവും, അതു സർവ്വത്ര വിളയാടുന്ന കൃതി കവിതയുമല്ലെങ്കിൽ കവിത എന്താണെന്നുള്ള ചോദ്യം ആരും ചോദിച്ചുപോകുന്നതാണ്!

———:o:———

പുത്തരിയങ്കം.

പിറെറന്നാൾ നേരംപുലൎന്നനേരം
തേവാരപൂജയുടൻ കഴിച്ചു.
(1) അങ്കക്കറികൾ വരച്ചുചോകോൻ
(2) വീരാളിപ്പട്ട ഞെറിഞ്ഞുടുത്തു
പൊന്നരഞ്ഞാണരയിൽ പൂട്ടി
(3) വാഴുന്നോരെത്തന്നെ വിളിക്കുന്നുണ്ട്

പുത്തരിയങ്കം = ആദ്യം വെട്ടുന്ന അങ്കം. പുത്ത(ൻ) + അരി—പുത്തരി, ആദ്യത്തെ അരി. അങ്കം = പുരാതനകാലത്തു് കേരളത്തിൽ രണ്ടുപേർ തമ്മിലുള്ള തൎക്കം തീൎക്കാനായി ചെയ്യുന്ന യുദ്ധം. തൎക്കം തീൎക്കാനായി അന്നത്തെ നിയമം അനുവദിച്ചിരുന്ന ഉപായങ്ങളെല്ലാം നോക്കിയതിനുശേഷം ഒടുവിലാണ് അങ്കം. ഇതിന്റെ ചടങ്ങുകൾ കഥയിൽ വിസ്തരിക്കുന്നുണ്ട്.

(1) അങ്കക്കറികൾ = അങ്കംവെട്ടാൻ പോകുമ്പോൾ ഉണ്ണിന്നതിൽ വസ്ത്രധാരണം ചെയ്യേണമെന്നും, ചമയങ്ങൾ അണിയേണമെന്നും, കറികൾ ഇടേണമെന്നും വ്യവസ്ഥയുണ്ട്. അതനുസരിച്ചുള്ള കറികൾ.

(2) വീരാളിപ്പട്ട് = വീരാളി എന്നതിന്റെ പൂൎണ്ണരൂപം വീരവാളി എന്നും വീരപാളി എന്നും കാണാറുണ്ട്. മേത്തരം പട്ട് എന്നാണ് പ്രകൃതത്തിലൎത്ഥം. വീരന്മാർ സാധാരണ ധരിക്കുന്നതുകൊണ്ടായിരിക്കാമോ? വീരാളിപ്പായ, വീരശൃംഖല എന്നീ പദങ്ങൾ നോക്കുക.

(3) വാഴുന്നവർ = പുരാതനകാലത്തു ഭരണാധികാരികളിൽ ഒരാൾ. പിന്നീട് ഇതൊരു സ്ഥാനപ്പേരായി.

നേരവുമൊട്ടു പുലൎന്നിതല്ലോ.
അങ്കംപുറപ്പെടാൻ കാലമായി
എന്നാലൊരങ്കം പുറപ്പെടേണം.
പുത്തൂരം ആരോമൽ ചേകവരും
(1)മച്ചുനിയൻ ചന്തു (2)പടക്കുറുപ്പും,
കീഴരിങ്കത്തിലെ വാഴുന്നോരും,
ആർപ്പും നടപ്പും നടവെടിയും,
പഞ്ചവാദ്യങ്ങളും കോലാഹലം,
ചീനവെടിയും പടക്കമുണ്ടെ
ആയിരത്തൊന്നോളം നായന്മാരും,
അങ്കത്തിന്നായിപ്പുറപ്പെട്ടെടൊ
(3)ചേകോന്മാരുള്ളോരു പദവികളും.
കൊടിക്കൂറകൾ നിരത്തിക്കൊണ്ടു
ആലവട്ടം, വെഞ്ചാമരം പിടിച്ചുകൊണ്ട്,

---

(1) മച്ചുനിയൻ (മച്ചുനൻ)=അമ്മാമന്റെ മകനെയോ അച്ഛന്റെ മരുമകനെയോ വിളിക്കുന്ന പേരാണിത്. ആരോമലുടെ അച്ഛന്റെ മരുമകനാണ്.

(2) പടക്കുറുപ്പ്=പടക്കു മൂപ്പനായിട്ടുള്ളവൻ എന്നർത്ഥം. കുറുപ്പ് എന്ന സ്ഥാനം പണ്ടു പലർക്കും ഉണ്ട്. ഉദാ: വെട്ടുകുറുപ്പ്, വലിക്കുറുപ്പ്, നായർകുറുപ്പ്, തല്ലിക്കുറുപ്പ്. കൂടാതെ ഉഴിയുന്നവർ (ഉഴിക്കുറുപ്പ്), ഭദ്രകാളിക്കു പാട്ടു കഴിക്കുന്നവർ (കല്ലാററക്കുറു(റി)പ്പ്), ഇങ്ങിനെ പലർക്കും ഈ സ്ഥാനപ്പേരുണ്ട്.

(3) ചേകോൻ=പടയാളികളിൽ ഒന്നാംകിടയിൽ എത്തിട്ടുള്ളവരുടെ സ്ഥാനപ്പേരാണിത്. ഇവർക്ക് വലിയ പദവികളും അധികാരങ്ങളും പണ്ടുണ്ടായിരുന്നു. മററുള്ളവർക്കുവേണ്ടി അങ്കംവെട്ടുകയാണ് ഇവരുടെ തൊഴിൽ.

വെൺകൊററക്കുടയുമെ പട്ടുകുട
പതിനെട്ടു വാദ്യമടിപ്പിക്കുന്നു.
കൊമ്പുംകുഴൽ, (1)ധ്വളിമേളത്തോടെ
(2)വീരാളിച്ചങ്കും ഊതിച്ചിട്ടു
ചങ്കുമാരാരൊരുമിച്ചിട്ടു
ചേരമാൻപെരുമാളുതമ്പുരാന്റെ
(3)വീഴ്ചമുഖമായി പുറപ്പെടുന്നു.
നാടുവാഴി ദേശവാഴി എത്ര്യവിടെ
പൊന്നുംപല്ലക്കു കയറിക്കൊണ്ട്
ചങ്ങലവട്ടയിൽ തിരിയുമിട്ടു
മുമ്പിൽനടക്കുന്ന രാജാക്കളും
പിന്നാലെനടക്കുന്ന ലോകവരും
അപ്പോൾപറഞ്ഞല്ലൊ കുങ്കിയമ്മ
ഞാൻകൂടിപ്പോരുന്നു അങ്കംകാണ്മാൻ
കനകപ്പല്ലക്കും കയറിയമ്മ
ഒന്നിച്ചുതന്നെ പുറപ്പെടുന്നു.
കോലാഹലത്തോടെ പോകുന്നുണ്ടു
ആരുദേശംനാടും കടന്നവരും

---

(1) ധ്വനി എന്നും ഒരു പാഠം കാണുന്നുണ്ട്. ധ്വനിയുടെ ദുഷിച്ച രൂപമായിരിക്കാം.

(2) വീരാളിച്ചങ്കു=വീരന്മാരും സ്ഥാനികളും ഉപയോഗിക്കുന്ന ശംഖ്. (വിരാളിപ്പട്ടു നോക്കുക.)

(3) വീഴ്ചമുഖം=ചേരമാൻപെരുമാൾ പുറപ്പെട്ടപ്പോൾ ഉണ്ടാകാവുന്ന കോലാഹലങ്ങളോടുകൂടി എന്ന് സാരം.

(1)നഗരിനടയ്ക്കലും ചെല്ലുന്നുണ്ടു
ആൽത്തറയരികിലും ചെന്നവരും.
കുന്തം (2)ചവളവും ചാരുന്നുണ്ട്.
കെട്ടുമെമാറാപ്പും ഇറക്കിവെച്ചു
വെററിലമുറുക്കും കഴിക്കുന്നുണ്ട്
അവിടെയെഴുനീററുയാരോമരും
നഗരിനടയ്ക്കലൊ(3)രങ്കത്തട്ടു
തട്ടിന്റെയരികെ കടന്നു ചേകോൻ
തട്ടുവലംവെച്ചു നടന്നുനോക്കി
കിഴക്കുംപടിഞ്ഞാറും നടന്നുനോക്കി
തെക്കുംവടക്കും നടന്നുനോക്കി
കള്ളച്ചുതികണ്ടറിഞ്ഞു ചേകോൻ.
വാഴുന്നോരെതന്നെ വിളിക്കുന്നുണ്ടേ.
വേഗമരികത്തു വന്നിതല്ലോ
അപ്പോറംപറഞ്ഞല്ലോ ചേകവരും
തട്ടുപണിയുള്ള (4)വിശ്വകർമ്മൻ

---

(1) നഗരി=പണ്ടു 'കൂട്ടങ്ങൾ'കൂടി രാജ്യകാര്യങ്ങൾ വിചാരണചെയ്തിരുന്ന സ്ഥലം

(2) ചവളം=ഒരുതരം കുന്തം.

(3) അങ്കത്തട്ട്=അങ്കം വെട്ടാനായി മരംകൊണ്ട് ഉയർത്തി തറപോലെ കെട്ടിയതു്--അങ്കത്തട്ടിന്റെ നാലുപുറത്തുമായി നാട്ടുകാരും നാടുവാഴി മുതലായ മേലധികാരികളും അങ്കത്തിനു സാക്ഷികളായിരിക്കും.

(4) വിശ്വകർമ്മൻ=പ്രകൃതത്തിൽ ആശാരി, തച്ചൻ എന്നർത്ഥം. ദേവകളുടെ ആശാരിയുടെ പേരും വിശ്വകർമ്മാവ് എന്നാണല്ലോ. അത്ര മാഹാത്മ്യമുള്ളവൻ എന്നും അർത്ഥമാവാം.

എതൊരുനാട്ടിലിരുപ്പിതവൻ.
അപ്പോൾപറയുന്നു വാഴുന്നോരും
(1)കോലത്തിരിനാട്ടിലെ വിശ്വകൻ
അവനെയും വേഗംവരുത്തവേണം!
വേഗത്തിലാളെ അയക്കുന്നുണ്ടു.
നാലുപേർ നായന്മാർ പോകുന്നുണ്ടു
ഒന്നോടി ഒന്നു നടന്നവരും
ആനാട്ടുംദേശം കടന്നുപോയി.
വിശ്വകർമ്മനെ വിളിക്കുന്നുണ്ട്
വിളികേട്ടു വേഗംപുറത്തുവന്നു
എന്താവിളിച്ചതു നായന്മാരെ!
അപ്പോൾപറയുന്നു നായന്മാരും
(2)പുത്തൂരം ആരോമൽചേകവരും,
കീഴരിടത്തിലെ വാഴുന്നോരും,
അവരോടുകൂടിയുള്ള നായന്മാരും
അങ്കത്തട്ടിങ്കലിരിപ്പവരെ
(3)പണിയാളരൊക്കെ (4)സൊരുമിച്ചിട്ടു
വിശ്വകർമ്മനോടു വരുവാൻ ചൊല്ലി
എന്നമൊഴികേട്ടു വിശ്വകർമ്മൻ

---

(1) കോലത്തിരി=കാലത്തിരി

(2) പുത്തൂരം=പണ്ടു കടത്തനാട്ടുണ്ടായിരുന്ന ഒരു തറവാട്ടിന്റെ പേരു. പ്രസിദ്ധന്മാരായ പല യോദ്ധാക്കന്മാരും ഇതിലുണ്ടായിരുന്നു. ആരോമൽച്ചേകവരുടെ പെങ്ങളായ ഉണ്ണിയാർച്ചയും, മരുമകനായ ആരോമുണ്ണിയും ചരിത്രപ്രസിദ്ധിയുള്ളവരാണല്ലൊ.

(3) പണിയാളർ=പണിക്കാർ.

(4) സൊരുമിക്കുക=ഒരുമിക്കുക എന്നപദത്തിന്റെ ഗ്രാമ്യരൂപം

നെഞ്ഞത്തു കൈവെച്ചുകരഞ്ഞുപോയി
അപ്പോഴെ അറിഞ്ഞതല്ലൊ (1)അയിലാളരും
ഓടിയൊളിക്കുന്നു പണിയാളരും
അപ്പോഴം നിനച്ചല്ലൊ വിശ്വകർമ്മൻ
ഞാൻവെച്ച പലക മുറിപ്പലക
കള്ളപ്പലകയറിഞ്ഞു ചേകോൻ
അരിങ്ങോടർചൊല്ലുന്നാൻ(2)കേൾക്കമൂലം
കൂട്ടത്തോടെചാവാൻ വിധിയുംവന്നു
(3) അറുകൊല കൊല്ലുന്ന ചേകോരാണ്
ആമൊഴി കേട്ടോരു പണിയാളരും
ബോധംകെട്ടങ്ങിനെ വീഴുന്നുണ്ടേ!
അപ്പോഴം പറയുന്നു വിശ്വകർമ്മൻ
ഒന്നുണ്ടുകേൾക്കേണം പണിയാളരെ!
നിങ്ങളാരുംകൂടിപോരവേണ്ട
* എന്നാലെന്നെ കഴിച്ചുകോട്ടെ,
പടിഞ്ഞാററി ഓടിക്കടന്നവരും
(4)വീതുളി, പൊഴ്തുളി, എടുക്കുന്നുണ്ടേ.
കറിയ (5) മുഴക്കോലുമെടുത്തവനാം

---

(1) അയിലാളർ=അയൽവക്കത്തുള്ളവർ.

(2) കേട്ടതിനാൽ. (പാഠാന്തരം)

(3) അറുകൊല=നിർദ്ദയമായ ഹിംസ.

* കൊല്ലുകയാണെങ്കിൽ എന്നെ കൊന്നാൽമതി. കഴിച്ചുകോട്ടെ=കഴിച്ചുകൊള്ളട്ടെ എന്നതിന്റെ ചുരുക്കം.

(4) വീതുളി, പൊഴ്തുളി, വടക്കൻഉളി, ചിപ്പുളി ഇവയെല്ലാം പലതരത്തിലുള്ള ഉളിയുടെ പേരുകളാണ്.

(5) മുഴക്കോൽ=ആശാരി ഉപയോഗിക്കുന്ന അളവുകോൽ.

തെക്കിനിക്കോത്ത മണിത്തളത്തിൽ
കാരണോന്മാർ പീഠം വലിച്ചുവെച്ചു
(1) എൻറച്ചു മുത്തച്ചു പരദേവതേ!
ഞാൻവെച്ചു പലക മുറിപ്പലക
കള്ളപ്പലക ഇളകരുതേ!
വേഗം പുറത്തേക്കു വന്നവനും
ഒന്നിതാ കേൾക്കണം മക്കളെടൊ!
അതുതാനെ കേൾക്കുന്ന മക്കളൊക്കെ
കൂട്ടത്തോടെ വന്നു നിലവിളിച്ചു.
ഇന്നോ, നാളെയൊ, ഞാൻ വന്നില്ലെങ്കിൽ
(2) ഇല, പുല, നന്നായി കഴിച്ചുകൊൾവിൻ!
എന്തിനുകേഴുന്നു പൊന്മക്കളെ!
ദൈവവിധിപോലെ വന്നുകൂടും
എന്നുപറഞ്ഞു പുറത്തിറങ്ങി.
പോക പുറപ്പെട്ടു നായന്മാരെ!
അപ്പോൾ ചൊടിക്കുന്ന നായന്മാരും
പണിയാളരൊക്കെ പോരുന്നില്ലെ?

---

(1) അച്ഛൻ എന്നതിന്റെ പഴയരൂപമാണ് അച്ചൻ എന്നത്. നേതാവ്, രക്ഷിതാവ്, ജനകൻ എന്നർത്ഥത്തിലാണ് ആ പദം ഉപയോഗിച്ചിരുന്നത്. ഇപ്പോഴും മങ്ങാട്ടച്ചൻ, പാലിയത്തച്ചൻ എന്നീ സ്ഥാനപ്പേരുകളിൽ ആ അർത്ഥം നിലനിന്നുവരുന്നുണ്ട്. സംസ്കൃതീകരിക്കാൻ ശ്രമിച്ചതിന്റെ ഫലമായിരിക്കണം അച്ഛൻ എന്ന രൂപം. ഇതുപോലെതന്നെയാണ് മഹനും.

(2) ഇല=പുലപോകുന്നതിനുള്ള പിണ്ഡസദ്യയെ സൂചിപ്പിക്കുന്നു.

പുല=പുലകുളി.

അപ്പൊഠം പറയുന്നു വിശ്വകൎമ്മൻ
പണിയാളരാരുമിവിടെയില്ല
* അമ്പാടികോലാം പണിക്കപോയി
എന്നുംപറഞ്ഞു നടന്നവരും
ഒന്നോടി ഒന്നു നടക്കുന്നുണ്ട്.
നാഗരം നടസ്സൂലും ചെല്ലുന്നുണ്ടു
വിശ്വകൎമ്മാവിനെ കണ്ടാരൊമർ
വേഗം എഴുന്നേററു നില്ക്കുന്നുണ്ട്.
വന്നിതൊ വന്നിതൊ വിശ്വകൎമ്മൻ
ഒന്നിണ്ടു കേഠക്കണം വിശ്വകൎമ്മാ
തട്ടു പണിതതു ആരാകുന്നു?
തട്ടു പണിതതു അടിയൻ തന്നെ.
പണിയാളരാരും പോന്നിട്ടില്ലെ?
പണിയാളരാരും പോന്നിട്ടില്ല.
എവിടെക്ക പോയെടൊ വിശ്വകൎമ്മാ
അമ്പാടികോലാം പണിക്ക പോയി
അത്തുതാനെ കേഠക്കുന്നു ചേകവരും
ഒന്നിണ്ടു കേഠക്കണം വിശ്വകൎമ്മാ

---

* ഏതു് അമ്പാടിക്കോവിലകത്തിനെയാണ് ഇതു് സൂചിപ്പിക്കുന്നതെന്നറിയുന്നില്ല. സാമൂതിരിക്കോവിലകത്തിൽ അടങ്ങിയ ഒരു അമ്പാടിക്കോവിലകമുണ്ട്. അതിൽ മൂപ്പ് സാമൂതിരിക്കോവിലകത്തെ വലിയ തമ്പുരാട്ടിക്കാണ്. ഈ പാട്ടിൽതന്നെ മററൊരിടത്തു് അമ്പാടിക്കോവിലകത്തു് മേനോന്മാരാണുള്ളതെന്നു പ്രസ്താവിക്കുന്നുണ്ട്.

തട്ട (1)വഴങ്ങിച്ചു കള്ളേൽക്കണം
അതിനെന്തുവേണമൊരുക്കങ്ങളും
എന്ന മൊഴികേട്ട വിശ്വകർമ്മൻ
ഗണപതിപൂജക്കൊരുക്കം ചൊല്ലി
നാലുകാലുള്ളൊരു പീഠം വേണം,
പീഠം മുകളിൽ തളിക വേണം,
തളിക നിറയോളം (2) വെള്ളരിയും,
വെള്ളരി മീതൊരു നാളികേരം,
വെള്ളവിൽ, ശർക്കര, കൊട്ടത്തേങ്ങാ,
ജല,ഗന്ധ,പുഷ്പവും ധൂപം,ദീപം (3)
ചെന്തെങ്ങിളനീർകദളിപ്പഴം
വെറ്റിലയടയ്ക്കയും വേണമല്ലോ
(4) കാണിക്കെട്ടുക്കാനായി രാശിപ്പണം
അതുതാനെ കേൾക്കുന്ന വാഴുന്നോരും
വേഗത്തിലൊക്കെയൊരുക്കിയല്ലോ
വിശ്വകർമ്മാവും കളിപ്പാൻ പോയി
പാവാടമുകളിൽ തളികവേണം

---

(1) വഴങ്ങിക്കുക=ആറാകാറങ്ങളും തീർന്നതാണെന്ന് ബോദ്ധ്യപ്പെടുത്തുക.

(2) വെള്ളരി=വെളുത്ത അരി.

(3) ജല.........പം=പൂജയ്ക്കുള്ള സാമഗ്രികൾ. ഇത് പരിശുദ്ധ സംസ്കൃതമായി കാണുന്നതുകൊണ്ട് പാടുന്നവർ ചേർത്തതാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

(4) കാണിക്ക=രാജാക്കന്മാർക്ക് കാഴ്ചയായോ ക്ഷേത്രങ്ങളിൽ വഴിപാടായോ വയ്ക്കുന്ന പണം.

തളികനിറയോളം വെള്ളരിയും
വെള്ളരിമുകളിലൊരു നാളികേരം
നാളികേരത്തിന്മേൽ ചെമ്പഴുക്കാ (1)
അതുതാനെ കേൾക്കുന്നു വാഴുന്നോരും
വേഗത്തിലൊക്കെ ഒരുക്കുന്നുണ്ടു
അവിടന്നെഴുന്നീറ്റുവയാരോമരും
പീഠംവലിച്ചങ്ങുവെച്ചു ചേകോൻ
(2) പാവാടതന്നെ വിരിക്കുന്നുണ്ടു
പാവാടമുകളിൽ തളിക വെച്ചു
തളികാനിറയോളം വെള്ളരിയും
വെള്ളരിമീതെയൊരു നാളികേരം
നാളികേരത്തിന്മേൽ ചെമ്പഴുക്കാ
പഴുക്കാമുകളിലൊരു കോഴിമുട്ട
കോഴിമുട്ടമേൽ ദൂശിനാട്ടി,
ദൂശിമുനമേൽ ചുരിക (3) നാട്ടി,
ചുരികാമുനമേൽ മറിഞ്ഞുനിന്നു.
നൃത്തങ്ങളേഴും കഴിച്ചുവന്നു.
അതുതാനെ കാണുന്ന മാലോകരും,
നാട്ടുവാഴി ദേശവാഴി തമ്പുരാനും
പട്ടും വളയും കൊടുക്കുന്നുണ്ടു്

---

(1) ചെമ്പഴുക്കാ=അടക്കാ.

(2) പാവാട=പ്രകൃതത്തിൽ, ബഹുമാനസൂചകമായി വിരിക്കുന്ന വസ്ത്രം. രാജാക്കന്മാരും മറ്റും എഴുന്നെള്ളുമ്പോൾ വഴിയിൽ വിരിക്കുന്ന വസ്ത്രത്തിനും ഇതു തന്നെയാണു് പേര്.

(3) ചുരിക=ഇരുതലയും മൂർച്ചയുള്ള ഒരുതരം വാളു്.

(1) തണ്ടൊടെ മുണ്ടും കൊടുക്കുന്നുണ്ട്
അത്തരനെ കാണുന്ന അമ്മയല്ലൊ
കയ്യിൽ കിടക്കുന്ന കനകവള
ആരോമൽക്കായിട്ടു സമ്മാനിച്ചു
കോലോത്തിളംകോവിൽ (2) തമ്പുരാനും
പട്ടും വളയും സമ്മാനിച്ചു.
ഏറിയമുണ്ടും പുടയും കിട്ടി.
ഇവയൊക്കെ കണ്ടൊരു അരിങ്ങോടരും (3)
കൊതികൊണ്ടുനിന്നുവിറക്കുന്നുണ്ട്.
ചുരികമേൽനിന്നങ്ങിറങ്ങ്യാരോമർ
പീറവും പാത്രവും ഒരുക്കിവെച്ചു.
ഒന്നിണ്ടു കേൾക്കണം അരിങ്ങോടരേ!
അളങ്കോ, കോഴിയങ്കോ, മുമ്പിൽ വേണ്ടു
അത്തുതാനെകേൾക്കുന്നയരിങ്ങോടരും.
കോഴ്യങ്കം (4) മുമ്പിൽ പിടിക്കവേണം
അപ്പോൾ പറയുന്ന ആരോമരും

---

(1) തണ്ട=കാലിലണിയുന്ന ഒരാഭരണം.

(2) ഇളംകോവിൽ=ഇളമ.

(3) അരിങ്ങോടർ=മറുഭാഗത്തെ ചേകോരൻറ പേര്.

(4) കോഴിയങ്കം പണ്ട് പ്രധാനപ്പെട്ട ഒരു വിനോദമായിരുന്നു. കേരളം സന്ദർശിച്ച പല പാശ്ചാത്യന്മാരും ഈ അങ്കത്തെപ്പറ്റി അവരുടെ യാത്രക്കുറിപ്പുകളിൽ വിവരിച്ചിട്ടുണ്ട്. കോഴിയങ്കത്തിന്നായിട്ടുള്ള സ്ഥലങ്ങളുടെ പേരോടുകൂടി കോഴിയെന്ന ശബ്ദം ചേർക്കുന്നതും പതിവായിരുന്നു. കോഴിപ്പറമ്പ്, കോഴിക്കുന്ന്, കോഴിപ്പുറം എന്നീ സ്ഥലപ്പേരുകൾ സാധാരണയായിരുന്നു.

മുൻകാലും മൂപ്പും (1) നിങ്ങൾക്കല്ലൊ.
നിങ്ങളുടെ കോഴിയെ പറപ്പിക്കേണം?
അത്തുതാനെ കേൾക്കുന്നയരിങ്ങോടരും
കോഴ്യങ്കം മുമ്പിൽ പിടിക്കവേണം
കോലൊത്തുനാട്ടിലെയരക്കൻപുള്ളി (2)
കോഴിയെ ചെന്നങ്ങെടുത്തുകൊണ്ടു
മാറത്തടക്കിപ്പിടിച്ചവനും.
മൊഴിയും പറഞ്ഞു പറപ്പിക്കുന്നു
കോഴി പറന്നങ്ങു തട്ട കയറി
കൂവിത്തുടങ്ങുന്നു അരക്കൻപുള്ളി
അത്തുതാനെക്കണ്ടൊരയരങ്ങോടരും
വാഴുന്നോരെത്തന്നെ വിളിക്കുന്നുണ്ട്.
കോഴിയെ നിങ്ങൾ കരുതീട്ടുണ്ടൊ?
കോഴിയെ ഞങ്ങൾ കരുതീട്ടില്ല!
അപ്പൊൾ പറയുന്നയാരൊമരും
എന്റച്ഛനായിട്ടും അങ്കം വെട്ടി
കോഴിയെക്കൊണ്ടച്ഛനും പോയിട്ടില്ല.
ഒന്നിണ്ടു കേൾക്കണം വാഴുന്നോരെ
കോഴിമുട്ട ഒന്നു വരുത്തവേണം.
നീളത്തിൽക്കൂടിയ മുട്ട വേണം.
വേഗത്തിൽ കൊണ്ടുകൊടുത്തവരും
ഒന്നിണ്ടു കേൾക്കണം മാലോകരെ!

---

(1) മുൻകാലും മൂപ്പും = പ്രായം അധികമുള്ളതുകൊണ്ട് എല്ലാ കാര്യത്തിലും മുൻകടന്ന് പ്രവർത്തിക്കാനുള്ള അവകാശമെന്ന താല്പര്യം.

(2) അരക്കൻപുള്ളി = കോഴികളുടെ ഓമനപ്പേര്.

എൻറച്ഛനായിട്ടും അങ്കംവെട്ടി
കോഴിയെക്കൊണ്ടച്ഛൻ പോയിട്ടില്ല
കോഴിച്ചമയങ്ങൾ കേട്ടുകൊൾവിൻ
കൊക്കിനു രണ്ടിനു (1) 'കൊക്കരിയും'
(2) താടക്കു രണ്ടിനും 'അങ്കപ്പൂവ്'
ചിറകിനുരണ്ടിനും മിന്നപ്പൂവ്
കാലിനുരണ്ടിനും വെള്ളയുറ.
കോഴിച്ചമയങ്ങൾ കേൾപ്പിച്ചിട്ട്
മാറത്തടക്കിപ്പിടിച്ചുകൊണ്ടു
വാഴുന്നോരെത്തന്നെവിളിക്കുന്നുണ്ടു
എന്നെക്കൊണ്ടുന്നോരെ വാഴുന്നോരെ
വഴിയുംമൊഴിയുമെ കേൾക്കട്ടെടൊ
ആ മൊഴികേട്ടോരു വാഴുന്നോരും
ലോകർനടുവിലും ചെന്നുനിന്നു
എന്നാലൊ (3) കേട്ടോളിൻവാഴുന്നോരെ
ഉള്ളവണ്ണം നിങ്ങൾ പറഞ്ഞുകൊൾക
അപ്പോൾ പറയുന്നു വാഴുന്നോരും
എന്നാലൊ കേട്ടോളിൻ! ലോകരെല്ലാം
ഞങ്ങൾ തമ്മിലുള്ള മൂപ്പിളമ

---

(1) കൊക്ക് + അരി = കൊക്കരി.

(2) താട = കോഴിയുടെ കഴുത്തിനുതാഴെ വൃത്താകാരത്തിൽ തൂങ്ങിനില്ക്കുന്ന സാധനം.

(3) കേട്ടോളിൻ = ശ്രദ്ധിക്കുവിൻ, പ്രസ്താവിക്കുവിൻ. ഈ അർത്ഥത്തിൽ ഈ വാക്കു ദുർല്ലഭമായിട്ടേ ഇപ്പോൾ പ്രയോഗിക്കാറുള്ളു. കേട്ടുനടക്കുക എന്നീ പ്രയോഗങ്ങളിൽ അതു് ഇപ്പോഴും നിലനിന്നു വരുന്നുണ്ടു്. തമിഴിൽ ഈ അർത്ഥത്തിനാണു് അധികം പ്രസക്തി.

നിങ്ങൾപലർകൂടി കേട്ടുകൊൾവിൻ!
(1) മൂവന്തിക്കുള്ളത്തു ഞാനാകുന്നു.
പാതിരയ്ക്കുള്ളത്തു ഉണ്ണിച്ചന്ത്രോത്തും.
ഞാൻമൂത്തു ഞാൻമൂത്തുവെന്നുചൊല്ലി
തമ്മിലിടഞ്ഞുവഴക്കമായി.
മൂത്തമ്മ ഇളയമ്മമക്കൾ ഞങ്ങൾ
അങ്ങിനെയിരിക്കുന്ന കാലത്തല്ലോ
അമ്മാവൻ യാത്രപുറപ്പെട്ടുപോയ്.
അപ്പോൾപറഞ്ഞല്ലോ നേരമ്മാവൻ
മൂപ്പുവാഴാനായി പറഞ്ഞതെന്നോടു
താക്കോച്ചുംകൂട്ടമെനിക്കുതന്നു
കണക്കുംകെട്ടോല കൊടുത്തുവന്നു
എന്നുപറഞ്ഞങ്ങുപോയമ്മാവൻ
സന്യാസിവേഷം ധരിച്ചുകൊണ്ടു
ഏറിയരാജ്യങ്ങൾ സഞ്ചരിച്ചു
ഏറിയകാലംകഴിഞ്ഞുപോയി.
(2) തങ്ങണിമണിക്ഷേത്രം തന്നിൽചെന്നു.
നടപ്പാനിരിപ്പാനും പാടില്ലാതെ
അമ്മാവൻവീണങ്ങു കടയുംവീണു.
തലകുത്തുദീനവും വല്ലാതായി.

---

(1) മൂവന്തി=ത്രിസന്ധ്യ എന്നർത്ഥത്തിലുള്ള ലോകരൂപം.

(2) തങ്ങണിമണി=ഇതൊരു സ്ഥലപ്പേരായിരിക്കണം. ഇന്നതാണെന്നു നിർണ്ണയിക്കാൻ തരമില്ലാതെയാണിരിക്കുന്നതു്. ഈ വാക്ക് അക്ഷരജ്ഞാനമില്ലാത്തവർ പെരുമാറി രൂപാന്തരം വന്നതായിരിക്കണം. 'തിരുമണി'ക്കും ഇതിനും തമ്മിൽ ബന്ധമുണ്ടായിരിക്കുമോ എന്തോ?

ആലസ്യത്തോടെ കിടക്കുന്നേരം
തരണിമണിരാജാവു കണ്ടിതല്ലൊ
വാൎത്തകൾ ചോദിച്ചറിഞ്ഞശേഷം
വേഗത്തിൽ രാജാവു കത്തയച്ചു.
കത്തുകണ്ടുടൻനേരെ ചെന്നുഞാനും
ഉണ്ണിച്ചന്ത്രോർവീട്ടിലും ചെന്നനേരം.
കത്തുമെ തന്നെയും കാണിച്ചുഞാൻ
അപ്പോൾപറഞ്ഞതല്ലൊ ഉണ്ണിച്ചന്ത്രോരും.
'സന്ന്യാസിവേഷം ചമഞ്ഞുപോയാൽ
വീട്ടിൽ കയറീട്ടു മരിക്കരുതെ'
എന്നമൊഴികേട്ടു ഞാനുമപ്പോൾ
അമ്മാവനെ തേടിഞാൻ പോയിതല്ലൊ.
തരണിമണിക്ഷേത്രം തന്നിൽ ചെന്നു.
അമ്മാവനെത്തന്നെയും കണ്ടിതല്ലൊ
പല്ലക്കിലെടുപ്പിച്ചുകൊണ്ടുപോന്നു.
അമ്മാവനെ വീട്ടിൽ കിടത്തി ഞാനും
കുറഞ്ഞൊരുദിവസം കഴിഞ്ഞപ്പോഴെ
അമ്മാവൻ വീണു മരിച്ചുപോയി.
അമ്മാവൻ വീണു മരിച്ചശേഷം
കൊള്ളിത്തലക്കൽ വെടിയുംവെച്ചു.
(1) ശേഷവും താക്കോലും ചൊല്ലിത്തമ്മിൽ

---

(1) ശേഷം=ശേവം കൂടിയ കോടിത്തുണിയുടെ കഷണം. ഇതു [illegible] കരിമ്പനപ്പട്ടയിൽ കെട്ടി ചെയ്യുന്ന ക്രിയയ്ക്കാണു ശേഷക്രിയ എന്നു പറയുന്നതു്. മക്കളും മരുമക്കളും വെവ്വേറെ ക്രിയ ചെയ്യുന്നുണ്ടെങ്കിൽ ശേഷവും വെവ്വേറെ മുറിച്ചെടുക്കാറുണ്ടു്.

ശേഷിച്ച നെല്ലും അരിയും ചൊല്ലി,
എടമുണ്ണൻതെങ്ങിന്റെ തേങ്ങ ചൊല്ലി,
വരിക്കപ്ലാവിന്റെ ചക്ക ചൊല്ലി,
ആനക്കുഴിയിലെ മീനും ചൊല്ലി,
നെടുനാർനാട്ടിലെ ഭാഗം ചൊല്ലി,
അമ്മാവ(1)ന്റോരാണ്ടു വീട്ട്യ ശേഷം
പിന്നെയും മൂപ്പുവഴക്കമായി.
(2) വയറാട്ടിയാച്ചിയെ വരുത്തിക്കൊണ്ടു
അവളോടു ചോദിച്ചറിഞ്ഞനേരം
ഞാനെന്നു മൂപ്പു പറഞ്ഞവളും
പിന്നെയും മൂപ്പുവഴക്കമായി.
തമ്മിൽപറഞ്ഞു ഇടഞ്ഞുതങ്ങൾ
അങ്ങിനെയിരിക്കുന്ന കാലത്തല്ലോ
(3) കന്നത്തരയൻ കറിയകണ്ണൻ
അവന്റെ (4) മീൻകാവുവന്നിതല്ലോ
കീഴൂരിടത്തിലേക്കുള്ളതാണ്.
മേലൂരിടത്തിലെക്കെട്ടുകറെ
മീൻവെട്ടംകണ്ണുമീനമിട്ടെ!

---

(1) ഓരാണ്ടു=ഒരു കൊല്ലം നില്ക്കുന്ന ദീക്ഷ.

(2) വയറാട്ടി=പേറ്റിച്ചി.

(3) അരയൻ=മുക്കുവന്മാരിൽ പ്രധാനി.

(4) കാവ്=ഇരുഭാഗത്തും കനമുള്ള സാധനങ്ങൾ തൂക്കി എടുക്കുവാനുള്ള ഉപകരണം. മറ്റും മുതലായ മററർത്ഥങ്ങളുമുണ്ട്.

മീൻവെട്ടി ഓരിപകത്തവന്നം.

അപ്പോഴെ ചെന്നല്ലൊ ഉണ്ണിച്ചന്ത്രോര്
ഇനിക്കമെൻറമ്മക്കും കൂട്ടാനായി
വാലും തലയും (1) ഇരക്കടലും
ചിറകും (2) പകിരി (3) പെരുങ്കൊടലും
ഓമനപ്പുല്ലിൽ പൊതിഞ്ഞുകെട്ടി
കീഴരിടത്തിലേക്ക കൊടുത്തയച്ചു.

അമ്മയുടെ കയ്യിൽ കൊടുത്തുമീനം
മീൻപൊതി മേടിച്ചു കെട്ടഴിച്ചു
എന്നെ വിളിച്ചിട്ടു പെറേറാരമ്മ
മീൻപൊതി എന്റെ മുഖത്തെറിഞ്ഞു
ഏറിയ (4) ദൂഷണം ചൊല്ലിയമ്മ.

ആമൊഴി കേട്ടോരനേരത്തു ഞാൻ
എന്നോടുകൂടിയുള്ള നായന്മാരും
ഇരുപത്തൊന്നാളും ഒരുമിച്ചിട്ട
ഓടിയുടൻകൂടിപ്പോയി ഞാനും
കുന്നത്തരയൻ്റപുരക്കൽചെന്നു
അരയന്റെ കയ്യുംപിടിച്ചുകൊണ്ടുപോയ്
അളുതാനെ കാണുന്ന അരയത്തിയും
അരയത്തിവീണു (5) മുറകലമ്പി

(1) ഇരക്കടൽ—ആമാശയം.
(2) പകിരി എന്ന് ഒരു മത്സ്യത്തിന്റെ പേരാണ്.
(3) പെരുങ്കൊടൽ—പക്വാശയം.
(4) ദൂഷണം—ശകാരം.
(5) മുറകലമ്പി—ഉച്ചത്തിൽ നിലവിളിച്ച് ശബ്ദവും വ്യസനവും പ്രദർശിപ്പിച്ചു.

മെല്ലൂരിടത്തിലെക്ക പോയവളും
ഉണ്ണിച്ചന്ത്രനായരോട്ട പറയുന്നുണ്ട്.
അതുതാനെ കേൾക്കുന്നു ഉണ്ണിച്ചന്ത്രോരും
അവരനാട്ടക്കൂടിയുള്ള നായന്മാരും
ഓടിയുടൻകൂടി പോരുന്നുണ്ട്
നഗരംനടയ്ക്കലും വന്നിതല്ലൊ
നായന്മാരായി പിണങ്ങുന്നുണ്ട്
ഉന്തുതള്ളാകെ തുടങ്ങിയല്ലൊ
വെട്ടും (1) തടയും പിടിച്ചുതമ്മിൽ
രണ്ടുനാലാളോളം ഇനിക്കപോയി
ഏഴുപതാളോളം അവന്നപോയി
രണ്ടുനാലാളുക്ക മുറിയും(വും)പററി
ആവലാതികേട്ടല്ലൊ നാടുവാഴി
നാട്ടിലെ നാടുവാഴി എത്തിയവിടെ
നഗരികൾനാലിന്നു എത്ത്യാളുകൾ
അന്നുവിധിച്ചു പറഞ്ഞവരും
നിങ്ങൾതമ്മിലുള്ള മൂപ്പിളമ
ഞങ്ങൾക്കമാർക്കമെ തീർത്തുകൂടാ
എന്നാലൊ ഞാനൊന്നു ചൊല്ലുന്നുണ്ട്
മൂപ്പോടിളമതിരിയണെങ്കിൽ
(2) തൃപ്രംകോട്ടപ്പന്റെ തൃപ്പടിമേൽ

---

(1) തടയും—'തടവു്' എന്നും രൂപമുണ്ട്.

(2) തൃപ്രംകോട്—തെക്കെ മലയാളത്തിൽ തിരുനാവായയ്ക്കടുത്തുള്ള ഒരു പുരാതന ശിവക്ഷേത്രം.

വെള്ളിയും പൊന്നും പൊതിഞ്ഞുവെച്ചു
കണ്ണുകെട്ടിച്ചെന്നു പൊതിയെടുക്ക
പൊന്നുകിട്ടുന്നാവൻ മൂപ്പുവാഴ്ക,
വെള്ളികിട്ടുന്നൊനിളമവാഴ്ക,
ഞങ്ങളിരുവർ കളിച്ചുവന്നു
കണ്ണുകെട്ടിച്ചെന്നെടുത്തിതല്ലൊ
പൊന്നുകിട്ടിയതുമെനിക്കാകുന്നു.
വെള്ളികിട്ടിയതു ഉണിച്ചന്ത്രോർക്കു
അപ്പോൾപറയുന്നു ഉണിച്ചന്ത്രോരും
പൊന്നുകിട്ടിയാലും മൂപ്പിനിക്കെ
വെള്ളികിട്ടിയാലും മൂപ്പിനിക്കെ
എന്നിട്ടും മൂപ്പു തിരിയാഞ്ഞിട്ടു
നാടുവാഴി ദേശവാഴി വിധിക്കുന്നല്ലൊ
മൂപ്പിളമ തിരിയണമെങ്കിൽ
നല്ലങ്കംവെട്ടി ജയിക്കവേണം
അങ്കംപിടിച്ചു ജയിക്കുന്നോർക്കു
മൂപ്പു വാഴ്കയെന്നു വിധിച്ചുവരും
ഇരുപത്തുരണ്ടാളും നായന്മാരെ
നാടുവാഴിതമ്പുരാൻ തന്നെനിക്കു
അങ്ങിനെ ഞങ്ങളും തേടിവന്നു
ആരോമാഴിതൊട്ടുള്ളോരങ്കമാണു്.
ഞാനിപ്പോൾപറഞ്ഞ മൊഴികളൊക്കെ
(1) അമ്മാവൻതന്നാണെ സത്യമാണു്.

---

(1) ചിലേടത്തു് അമ്മാമൻ എന്നും പറയാറുണ്ടു്. വകാരം മകാരമാവുന്നതു് സാധാരണയാണല്ലൊ. (വാനം = മാനം.)

അമ്മാവൻതന്റെ മനസ്സുണ്ടെങ്കിൽ
വിധിപോലെ വന്നുപുലന്നുകൊട്ടെ."
എന്നുപറഞ്ഞങ്ങു തീരുംമുമ്പെ
കോഴിമുട്ട രണ്ടായി വീണിതല്ലോ
മൊഴിയുംപറഞ്ഞു പറപ്പിക്കുന്നോൻ
കോഴിവന്നങ്ങു തട്ടുകയറി
കൂകിതെളിയുന്നു (1) പാലൻചിങ്ങ്യൻ
അതുതാനെ കാണുന്നു അരക്കൻപുള്ളി
പാറന്നങ്ങു ചെയ്യുന്നു അരക്കൻപുള്ളി
അങ്കംപിടിക്കുന്നു കോഴിരണ്ടും
(2) വാരംത്താരികോൽത്താരി പിടിക്കുന്നുണ്ടു
അങ്കപ്പുറപ്പും പാഞ്ഞുകൊത്തി
വാടിമയങ്ങുന്നു പാലൻചിങ്ങ്യൻ
അതുതാനെ കണ്ടൊരു ആരോമലും
നെഞ്ഞത്തു കൈവെച്ചുനിന്നിതല്ലോ
അയ്യോവലഞ്ഞതല്ലോ അച്ചായിപ്പോൾ
കോഴിയങ്കത്തിൽഞാൻ ജയിച്ചില്ലെങ്കിൽ
ആളങ്കം ഞാനും ജയിക്കയില്ല
എന്നുമനസ്സിൽ (3) നിനന്നവനും
കുക്കുടമന്ത്രവും ധ്യാനിക്കുന്നു.
ധ്യാനംഫലിച്ചല്ലോ കോഴിക്കപ്പോൾ

---

(1) പാലൻചിങ്ങ്യൻ=കോഴിക്കുള്ള മറെറാരു ഓമനപ്പേര്.
(2) വാരംത്താരി, കോൽത്താരി=അങ്കത്തിലെ ചടങ്ങുകൾ.
(3) നിനച്ചു എന്നതിന്റെ പഴയ രൂപം.

അങ്കംപിടിക്കുന്ന കോഴിരണ്ടും
ഏടമററം മാറ്റുങ്ങു കൊള്ളുന്നുണ്ട്
ശിരസ്സിൽ കയറീട്ട കൊത്തിചിഞ്ഞ്യൻ
വാടിമയങ്ങുന്ന അരക്കൻപുള്ളി
അതുതാനെകാണുന്ന പാലൻചിഞ്ഞ്യൻ
കൊത്തിക്കുടൽമാല വലിച്ചെടുത്തു.
ചത്തങ്ങുവീഴുന്ന അരക്കൻപുള്ളി
അതുതാനെകാണുന്ന മാലോകരും
കഷ്ടം കലിയുഗമെന്നുചൊല്ലി
ആളുകൾ തമ്മിൽപിടിക്കവേണം
കോഴ്യങ്കത്തിൽതന്നെയറിയാമല്ലൊ
അങ്കംപിടിയാതെ പൊയ്ക്കൊട്ടവർ
അപ്പോൾ പറയുന്ന അരികെളോടരും
കോഴ്യങ്കമല്ലെ പിടിച്ചിട്ടുള്ളു,
ആളുകൾ തമ്മിൽ പിടിച്ചിട്ടുണ്ടോ,
തട്ടോടി മൂന്നു വലംവെക്കുന്നു.

സൂൎയ്യഭഗവാനെ കൈതൊഴുതേൻ
(1) കോവണി ചാരീട്ട തട്ടുകയറി
തട്ടിന്മേൽതന്നെ കയറിനിന്നു
അതുതാനെകണ്ടല്ലൊ ആരോമലും
വാഴുന്നോരെത്തന്നെ വിളിക്കുന്നുണ്ട്
കീഴൂരിടത്തിലെ ഉണിക്കോനാരെ!
ഏണിയൊ കോണിയൊ (2) കൊടന്നിട്ടുണ്ടോ

---

(1) കോവണി = കോണി.

(2) കൊണ്ടുവന്നിട്ടുണ്ടോ എന്നതിന്റെ ചുരുക്കം.

അപ്പോൾപറയുന്നു വാഴുന്നോരും
എന്നിയും കോവണി കൊടുന്നിട്ടില്ല
അപ്പോൾചോദിക്കുന്നു ആരോമരും
കോലത്തിരിനാട്ടിലെ അരിങ്ങോടരെ
നിങ്ങടെ കോവണിയിരവുതായോ
അപ്പോൾപറയുന്നു അരിങ്ങോടരും
എനിക്കൊരു കോവണി കൊടുന്നിട്ടുള്ളു.
മാറ്റാങ്കച്ചേകവന്നും കൊടുന്നിട്ടില്ല
ആമൊഴികേട്ടോരു ആരോമരും
പുഞ്ചിരികൊണ്ടു ചിരിച്ചുവന്നും
ഏഴങ്കം വെട്ടിജയിച്ചെന്റച്ഛൻ
പന്തിരങ്കം (1) പതവിതീർത്തു
ഇരുപത്തിരണ്ടങ്കംതാരി താഴ്ത്തി (2)
കോവണിചാരീട്ടു കയറീട്ടില്ല
അവന്റെമകനാണു ഞാനെന്നാകിൽ
കോവണിചാരീട്ടു കയറുന്നില്ല!
ഒന്നുണ്ടു കേൾക്കണം ചന്തോം നിങ്ങ്
എന്നോക്കാളൊട്ടും കുറവില്ലല്ലൊ
എന്റൊപ്പം നീയങ്ങു ചാടിക്കൊള്ളു.
തട്ടോടി മൂന്നു വലത്തുവെച്ചു

(1) പതവി തീർത്തു=പാറത്തു ശരിപ്പെടുത്തി.

(2) താരിതാഴ്ത്തി=അങ്കത്തിനു മുമ്പ് വായ്ത്താരി ചൊല്ലുന്ന പതിവുണ്ട്. അതൊടുകൂടി മാറ്റാങ്കച്ചേകവനെ സമ്മതിപ്പിച്ചു എന്നർത്ഥം.

സൂൎയ്യഭഗവാനെ കൈവണങ്ങി
കാവിങ്കൽ മൂത്തകുരുക്കളെയും
നന്നായിമനസ്സിൽ നിനന്നുകൊണ്ടു
എഴടിമുമ്പാക്കം വെക്കുന്നുണ്ടു
മൂന്നടിപിന്നാക്കം വെച്ചുവന്നും
എന്നാലൊ ചാടിക്കോ മച്ചുനിയാ(1)
(2) വൈരംമറിഞ്ഞു കുതിച്ചുചാടി
മയിലുംപറന്നങ്ങു ഇരിക്കുംവണ്ണം
തട്ടിന്മേൽചെന്നങ്ങിരുന്നവനും
അത്തുതാരെ കണ്ടു മഹാജനങ്ങൾ
കഷ്ടംകലിയുഗമെന്നു ചൊല്ലി!
അത്തുതാരെകണ്ടിതരിങ്ങോടരും
ആയുധമെടുത്തങ്ങു ചെന്നുനിന്നു.
പടിഞ്ഞാറുഭാഗത്തു ചെന്നുനിന്നു
കിഴക്കുപടിഞ്ഞാറായി നിന്നവരും
അപ്പോൾപറയുന്നു ആരോമരും
ഒന്നിണ്ടു കേൾക്കണം അരിങ്ങോടരേ
(3)മുൻകോപ്പും മൂപ്പും നിങ്ങൾക്കല്ലൊ
അപ്പുനെപ്പോലെ വയസ്സുമുണ്ടു
നിങ്ങളോടങ്കംപിടിച്ചുകൂടാ
കാഴ്ച്ചങ്കം തമ്മിൽപിടിച്ചാൽമതി
(4) കാഴ്ച്ചങ്കം തമ്മിൽപിടിക്കുന്നേരം

---

(1) സാധാരണയായി അളിയനെയാണ് ഈ പേരു കൊണ്ട് വിളിക്കാറുള്ളത്. ഇവിടെ അപ്പുന്റെ മരുമകനാണ്

(2) വൈരം=മരവ്.

(3) മുൻകോപ്പും മൂപ്പും=പ്രായാധിക്യംകൊണ്ട് എല്ലാകാൎയ്യത്തിലും മുമ്പ്, അതും ചെയ്യാനുള്ള സ്വാതന്ത്ര്യം (180-മത്തെ വരി നോക്കുക)

(4) വെറും കാഴ്ച്ചയ്ക്കായി ചെയ്യുന്നത്.

കള്ളക്കോലിട്ടു ചതിക്കരുതെ
എന്നു പറഞ്ഞു തൊട്ടവരും
കാഴ്ങ്കം തമ്മിൽപിടിക്കുന്നേരം
കള്ളക്കോലിട്ടല്ലൊ അരിങ്ങോടരും
ആരോമർക്കും ഫലിച്ചില്ലല്ലൊ.
അതുതന്നെ കാണുന്ന ആരോമരും
ഒന്നിതാ കേൾക്കണം അരിങ്ങോടരെ!
കാഴ്ങ്കം തമ്മിൽ പിടിക്കുന്നേരം
കള്ളക്കോലിട്ടതും ഞാനറിഞ്ഞു.
എന്നു പറഞ്ഞു തുടങ്ങിവെട്ടെ
(1)വാൾത്താരി കോൽത്താരി വെട്ടുന്നാണെ
(2) അങ്കപ്പുറപ്പു പാഞ്ഞുവെട്ടി
(3) അടിവാളുവെട്ടിട്ട റീശിതമ്മിൽ
(4) കേമങ്ങൾ ഉന്നിമറിഞ്ഞുവെട്ടി
കേമങ്ങൾ ഉന്നിമറിഞ്ഞശേഷം
ചുരികാകണയിൽ മുറിഞ്ഞുവീണു
അതു താനെ കാണുന്ന ആരോമരും
നെഞ്ഞത്തു കൈവെച്ചു നിന്നിതല്ലൊ
അയ്യൊ ചതിച്ചെടാ പെരുംകൊല്ലനീ
എന്നെ ചതിപ്പാൻ (5) വിധിപോരല്ലൊ

---

(1) വാൾത്താരി കോൽത്താരി—അടവുഭേദങ്ങൾ.

(2) അങ്കപ്പുറപ്പ്—അങ്കത്തിന്റെ വിസ്തൃതിയാലും എന്നു താല്പര്യം.

(3) അടിവാൾ—വാൾപ്രയോഗത്തിൽ ഒരടവ്.

കേമങ്ങൾ = പയറ്റുമുറയിൽ ചില അടവുകൾ (സാങ്കേതികം

(5) വിധിപോരല്ലൊ—വിശേഷിച്ചു കാരണങ്ങളൊ ന്യായമൊ ഇല്ലല്ലൊ എന്നു താല്പര്യം.

ചന്തുനെതന്നെ വിളിക്കുന്നുണ്ടെ.
മാററംചുരികയും തായൊ ചന്തൊ!
അപ്പോഠംപറയുന്നു ചന്തുവല്ലൊണെ
മാററംചുരികാ കൊടുന്നിട്ടില്ല
നിന്റെചുരികയും തായൊ ചന്തൊ!
എന്റെചുരിക എനിക്കുവേണം
നിനക്കുസമമൊത്ത ചേകവൻതാൻ,
അപ്പോഠംനിന്നതല്ലൊ ആരോമരും
പെരുങ്കൊല്ലനല്ലൊ ചതിച്ചതെന്നെ
മച്ചുനിയൻ ചന്തു ചതിച്ചതാണെ!
ആചതില്ലുള്ളൊ വിധിഫലമെ!
ഒന്നുണ്ടുകേഠംക്കണം അരിങ്ങോടരെ!
ആയുധം ഞാനെന്നു വാങ്ങിക്കൊട്ടെ,
ആയുധമില്ലാതെ കൊല്ലുന്നതും
ആണുങ്ങഠംക്കൊട്ടുമെ ചേൎച്ചയില്ല!
ചേകോന്മാൎക്കൊട്ടുമെ ചേൎച്ചയില്ല!
കളരിക്കാൎക്കൊട്ടുമെ ചേൎച്ചയില്ല!
ആമൊഴികൊട്ടൊരു അരിങ്ങോടരും
ചീറിയടുക്കുന്നു അരിങ്ങോടരും
പിന്നാക്കം ഒഴിയുന്നു ആരോമരും
നാഭിക്കുനാളത്തിനു നീട്ടുന്നുണ്ടെ
പന്തിയിൽനിന്നു തട്ടുന്നാരോമർ
(1) കച്ചതെപ്പിലും കൊണ്ടുനീട്ടി

(1) കച്ചതെപ്പ് = അരയിൽ കച്ചകെട്ടുന്ന ഭാഗം.

വരിനെല്ലിൻറാലയും തൃപോലെ
എള്ളോളംതന്നെ മുറിഞ്ഞുപോയി
അതുതാനെകണ്ടല്ലോ ആരോമരും
അരിശംകൊണ്ടങ്ങു വിറച്ചിതല്ലോ
കമ്പിട്ടു വാരി മുറിച്ചുരികയും
തൻറെ ചുരികയും കയ്യിൽവന്നേ
അപ്പോൾപറയുന്ന ആരോമരും
ഒന്നിങ്ങുകേൾക്കണം അരിങ്ങോടരെ!
നിങ്ങടെകയ്യാലെ മുറിഞ്ഞിനിക്ക
ഞാനൊരുപറമ്പി പഴുതുകള്ള.
നല്ലവണ്ണം നോക്കിതട്ടുകൊൾക,
(1) അല്ലെങ്കിൽ ആയുധംവെച്ചുകൊൾവിൻ.
ആമൊഴികേട്ടൊരു അരിങ്ങോടരും
ആയുധംവെച്ചിട്ടു പോവുമെന്ന്
ഒരുനാളും നിശ്ചമെ നിനയ്ക്കവേണ്ട
എന്നുപറഞ്ഞു തുടങ്ങിവെട്ടു
ഇരുവരും തമ്മിൽ പൊരുതുന്നേരം
പൊരുത്തും (2) കലയും (3) കിടയ്ക്കുംവണ്ണം

---

(1) അല്ലെങ്കിൽ......കൊൾവിൻ = അങ്കം മതിയാക്കി അവകാശം സമ്മതിക്കണമെന്ന താല്പര്യം.

(2) കല=കലമാൻ.

(3) കിടയ്ക്കുക=എതിരിടുക.

ഇത് കിട (സമത്വം) എന്ന നാമത്തിൽനിന്നുണ്ടായിട്ടുള്ള ക്രിയാരൂപമാണ്. (കല്ല്—കല്ലിക്കുക. മരം—മരവിക്കുക എന്ന മാതിരി) ഈ ക്രിയാരൂപം ഇപ്പോൾ ലുപ്തമായിരിക്കുന്നു.

ആളെ വിവരിച്ചറിഞ്ഞുകൂടാ
വാട്ടിമയങ്ങുന്നല്ലൊ അരിങ്ങോടരും
അതുതാനെ കാണുന്ന ആരോമരും
മുറിച്ചുരികകൊണ്ടെറിഞ്ഞാരാരോമർ
കരിങ്കൊമ്പിൻതണ്ടങ്ങു അററപോലെ
അരിങ്ങോടർതന്റെ തലയററു.
അതുതാനെ കാണുന്ന ആരോമരും
തട്ടിന്മേൽതന്നെയിരുന്ന ചേകോൻ
ചന്തുവെന്നതന്നെ വിളിക്കുന്നുണ്ടല്ലൊ
ഒന്നിങ്ങു കേൾക്കണം മച്ചുനിയാ!
(1) ഊരാഴിവാതിൽ അടയ്ക്കുന്നുണ്ട
നനമുണ്ടുകൊണ്ടങ്ങു വീശിചന്തു
ആലസ്യത്തോടെ കണ്ണടച്ചു
ആ തക്കംകണ്ടവൻ ചന്തുചല്ലാതെന്ന
കുത്തുവിളക്കിന്റെ തണ്ടെടുത്തു
കച്ചത്തെപ്പിലും നീട്ടുന്നുണ്ടല്ലൊ!!
മുറിഞ്ഞമുറിവായിൽ കൊണ്ടുനീട്ടി
ഞെട്ടി എഴുനീററല്ലൊ ആരോമരും
അയ്യൊ ചതിച്ചോടാ മച്ചുനിയാ!
എന്നെ ചതിപ്പാൻ വിധിപോരല്ലൊ
അന്നംപോരാത്തു ഞാൻ അച്ചനോടെ
മച്ചുനിയൻചന്തു ചതിക്കുമച്ചാ

(1) ഊരാഴിവാതിൽ = രണ്ടുഭാഗത്തേക്കും ഊരിനീക്കാവുന്ന വാതിൽ—അങ്കത്തട്ടിന്മേലേക്ക കടക്കുവാനുള്ള വാതിൽ.

ആവതില്ലല്ലൊ വിധിഫലമെ
വാഴുന്നോരെത്തന്നെ വിളിക്കുന്നുണ്ടു
ഒന്നിണ്ടു കേൾക്കേണം വാഴുന്നോരെ!
വാളുമതില്ലെങ്കിൽ കുന്തംതരുവിൻ,
ലോകർ ശബ്ദംകൊണ്ടു കേട്ടതില്ലാ!
ഈവകയൊക്കെയും കേട്ടപാഞ്ഞു
തട്ടം നടക്കീന്നു ചാടിപാഞ്ഞു
അരിങ്ങോടർക്കൂട്ടത്തിൽ ചാടിയല്ലൊ
ആളുമറിയാതെ പോയവനും.
അപ്പോൾവിളിക്കുന്നു ആരോമരും
എന്നെക്കൊണ്ടുന്നോരെ, വാഴുന്നോരെ!
കീഴൂരിടത്തിലെ ഉണ്ണിക്കോനാരെ!
നമ്മുടെയങ്കം ജയിച്ചിതല്ലൊ
(1) മൂന്നാംക്രൂര്യാറ്റു വെടിയുംവെപ്പിൻ
(2) അരിയിട്ടുവാഴ്ച കഴിക്കവേണം,
(3) തണ്ടേറാംകൂടെ കഴിപ്പിക്കേണം
ആമൊഴി കേട്ടൊരു വാഴുന്നോരും
മൂന്നാംക്രൂര്യാറ്റു വെടിയുംവെച്ചു

---

(1) മൂന്നാംക്രൂര്യാ.........പ്പിൻ = ആർപ്പുവിളിച്ചും, വെടിവെച്ചും, ജയം ഘോഷിക്കണമെന്നു താല്പര്യം.

(2) അരിയിട്ടുവാഴ്ച = ഇതു രാജാക്കന്മാർക്കു പതിവുള്ള. രാജാവായി വാഴിക്കുമ്പോലെ തന്നെ ബഹുമാനിക്കണമെന്നു താല്പര്യം.

(3) തണ്ടേറം = പല്ലക്കിൽ കയറൽ. (പ്രത്യുപകാരത്തിന്റെ ഒരു ചിഹ്നം.)

അരിയിട്ടുവാഴ്ച കഴിക്കുന്നുണ്ടു
തങ്ങടെററാംകൂടെ കഴിപ്പിക്കുന്നുണ്ടു
(1) കമ്പിറംകത്തി പണവും കാഴ്ചവെച്ചു
കയ്യുംപിടിച്ചു വളയിടിച്ചു
അപ്പോൾപറയുന്നു ആരോമലും
അവുകൊലകൊന്നതും കണ്ടില്ലെടൊ
അരിങ്ങോടർനീട്ടിയ നീട്ടിനിക്കെ
എല്ലാളുമാതന്നെ മുറിഞ്ഞതുള്ളു.
മച്ചുനിയൻചന്തു ചതിച്ചതാണെ!
ആവതില്ലല്ലൊ വിധിഫലമെ
ഞാൻകെട്ടുകച്ച കഴിക്കരുതെ!
അതുതാനെ കേട്ടൊരു മാലോകരും
കയ്യുംകൊട്ടിയാർത്തു ചിരിക്കുന്നുണ്ടു
എന്തൊരു ഭ്രമമാണു കേൾക്കുന്നോളു
അരിങ്ങോടരല്ലൊ ചിരിക്കുന്നതു
അപ്പോൾ പറയുന്നു ആരോമലും
ഒന്നിണ്ടു കേൾക്കണെ ലോകർനിങ്ങൾ
തട്ടപിടിച്ചൊന്നിളക്കിനോക്കിൻ
ആമൊഴികേട്ടൊരു ലോകരല്ലൊ
തട്ടപിടിച്ചങ്ങിളക്കിനോക്കി
രണ്ടുമുറിയായി വീഴുന്നുണ്ടു
അതുതാനെ കണ്ടു മഹാജനങ്ങൾ

---

(1) കമ്പിറം.......ടിച്ചു=ഇവയെല്ലാം പ്രമാണികളെ ആദരിക്കുന്ന സമ്പ്രദായങ്ങളാണ്.

കഷ്ടം കലിയുഗമെന്നു ചൊല്ലി
അപ്പോൾ പറയുന്നു ആരോമരും
ഒന്നുണ്ടു കേൾക്കണം വാഴുന്നോരെ
(1) കാരോല എഴുത്താണി വരുത്തിത്തരണം
അതുതാനെ കേൾക്കുന്നു വാഴുന്നോരും
കാരോല എഴുത്താണി വരുത്തിക്കുന്നു.
ആരോമർ കയ്യിൽ കൊടുക്കുന്നുണ്ടു
ഉണ്ടായവാർത്തകളെഴുതി ചേകോൻ
വാഴുന്നോർകയ്യിൽ കൊടുക്കുന്നുണ്ടു.
എന്നുടെ ഓമനക്കുഞ്ഞിപ്പെങ്ങൾ
ഉണ്ണ്യാർച്ചകയ്യിൽ കൊടുത്തുകൊള്ളു
(2) ദേഹണ്ണം പാരവുമുണ്ടെനിക്കു
വേഗത്തിലെന്നെയെടുപ്പിക്കേണം.
പച്ചോലയിൽ കെട്ടിയെടുപ്പിക്കല്ലേ
ആമൊഴികേട്ടോരു കുഞ്ഞിയമ്മ
ഒന്നുണ്ടുകേൾക്കണം പൊന്മകനേ!
നമ്മുടെവീട്ടിലെക്കെടുപ്പിക്കേണം.
അപ്പോൾ പറയുന്നു ആരോമരും
എന്തിന്നവിടം പറയുന്നമ്മ
ഈമുറിയിനിക്കു പൊറുക്കയില്ല;
ഈമുറിയിൽ ഞാൻ മരിക്കയുള്ളു!

---

(1) കാരോല=ചോറിലിട്ടു ഉറപ്പുകൂടിയ ഓല. ഇതായിരുന്നു പണ്ടു് എഴുതാൻ ഉപയോഗിച്ചിരുന്നതു്.

(2) ദേഹണ്ണം=ദേഹദണ്ഡം.

അപ്പോൾപറയുന്നു കങ്കിയമ്മ
ഒന്നിണ്ടുകേൾക്കണം പൊന്മകനെ
ഇക്കണ്ടചേകവർ മരിച്ചുപോയാൽ
നമ്മുടെകണക്കായി ഇലപ്പുലയും
ശേഷക്രിയകൾ കഴിപ്പിക്കേണം
അവരുടെ ജാതിമര്യാദക്കൊപ്പം
മാനംനടിച്ചു കഴിച്ചുകൊള്ളു.
അതിനൊരു ആയിരമെട്ടത്തോ (1) മോനെ!
അതുതാനെകേൾക്കുന്നു വാഴുന്നോരും
അതിനൊരു ആയിരമെട്ടക്കുന്നുണ്ട്
പിന്നെപറയുന്നു വാഴുന്നോരും,
ഇനിയെന്തുവേണ്ടതെൻറ ചേകവരെ
അതുതാനെകേൾക്കുന്നു ചേകവരും
ദേഹണ്ണം ഭാരവുമുണ്ടെനിക്കെ
വേഗത്തിലെന്നെയെട്ടിപ്പിക്കേണം.
ആമൊഴികേട്ടോരു വാഴുന്നോരും
കനകപ്പല്ലക്കും വരുത്തുന്നുണ്ടെ.
പല്ലക്കിൽതന്നെ കയറി ചേകോൻ
ഒന്നിണ്ടുകേൾക്കണം കങ്കിയമ്മെ!
ഞാനെൻറ വീട്ടോളം പോട്ടുരട്ടെ
ഇക്കണ്ടകാര്യം നമ്മൾതമ്മിൽ
ഇനിയുമൊരു കാലവും കാണുകില്ല!
ഒന്നിണ്ടുകേൾക്കണം തമ്പുരാനെ

(1) മോനെ = മകനെ.

ഞാനെൻെറ വീട്ടോളം പോയ്വരട്ടെ!
ഇക്കണ്ട കാഴ്ചയും നമ്മൾതമ്മിൽ
ഇനിയുള്ള കാലവും കാണുകില്ല
ഒന്നിതാ കേൾക്കണം മഹാലോകരെ!
ഞാനെൻെറ വീട്ടോളം പോയ്വരട്ടെ!
ഇക്കണ്ടകാഴ്ചയും നമ്മൾതമ്മിൽ
ഇനിയുള്ളകാലവും കാണുകില്ല
വേഗത്തിൽ പോകുന്നു ചേകവരും
നഗരംനടയിടാകടന്നുചെന്നു
കീഴ്മിടത്തിലെ പടിക്കൽക്കൂടി
കോലോത്തിരിനാട്ടും കടന്നാവരും
* ഉയന്നവരമ്പോടെ, പുഞ്ചപ്പാടെ,
താണവയലോടെ, തോട്ടരികെ,
വയൽപുള്ളിയനെന്ന വനംകടന്നു
തളിരിട്ടമാവുംയിടകന്നു
പുത്തൂരംപാടം കിഴക്കെയററം
ചെന്നുനികന്നല്ലൊ പല്ലക്കമെ
അപ്പോൾപറയുന്നു ആരോമരും
ഒന്നിണ്ടുകേൾക്കണം വാഴുന്നോരെ!
അച്ഛനും അമ്മയിരുപ്പുണ്ടല്ലൊ
എന്നെയെടുത്തങ്ങു കൊണ്ടുചെന്നാൽ
(1) കല്ലോട്ടതലതല്ലി മരിക്കമവർ

---

* പലസ്ഥലത്തുകൂടി പോയിയെന്ന് താല്പര്യം.

(1) കല്ലോട്ടതലതല്ലി=കല്ലിന്മേൽ തലതല്ലിയെന്നർത്ഥം.

പല്ലക്കമിവിടെയിറക്കവേണം
പല്ലക്കിൽനിന്നയിറങ്ങി ചേകോൻ
(1) കൈത്തൊളംപൂട്ടി നടന്നവരെ
കണ്ടിട്ടിരിക്കുന്നു അച്ഛനല്ലൊ
കണ്ടില്ല കണ്ടില്ലയെന്നുപോയി
നമ്മുടെമകൻെറ വരവുണ്ടല്ലൊ
എവിടെ മുറിയെന്നറിഞ്ഞുകൂട
ദേഹണ്ണം ചോരവുമുണ്ടവനും
എന്നുംപറഞ്ഞങ്ങ തീരുന്നേരം
പടിപ്പുരതന്നിലും ചെന്നവരെ
അച്ഛൻെറ അരികത്തും ചെല്ലുന്നുണ്ട്
കാക്കൽവീണാചാരംചെയ്താരോമർ
നെറുകയിൽ കൈവെച്ചനുഗ്രഹിച്ചു
എവിടെമുറിയെൻെറ പൊന്മകനെ!
എന്തിന്നാവിധം പറയുന്നച്ഛാ
അരിങ്ങോടർനീട്ടിയ നീട്ടിനിക്കെ
എല്ലേളേളാളുംതന്നെ മുറിഞ്ഞതുള്ളു.
മച്ചുനിയൻ ചന്തു ചതിച്ചതാണേ!
അങ്കംപിടിച്ചു തളർച്ചയോടെ
ചന്തുൻെറമടിയിൽ തലയുംവെച്ചു
ആലസ്യത്തോടെ ഞാൻ കണ്ണടച്ചു
ആ തക്കംകണ്ടവൻ ചന്തപ്പല്ലാണെ

(1) കൈത്തൊളംപൂട്ടി—ഇടത്തെ കയ്യിൻെറ പത്തം വലത്തെ തോളിലും വലത്തേതിൻെറത് ഇടത്തെ തോളിലും വെക്കുന്നതിനാണ ഇങ്ങിനെ പറയുന്നത്. ഇതു ബഹുമാനസൂചകമാണ്.

കുത്തുവിളക്കിൻെറ തണ്ടെടുത്തു
കച്ചുതെരുപ്പിലും നീട്ടിചുറ്റു
ഞെട്ടിയുണൎന്നങ്ങു നോക്കുന്നേരം
അരിങ്ങോടർകൂട്ടത്തിൽ ചാടിചുറ്റു
ചുറ്റുചതിച്ചു ചതിയാണെപ്പാ
ആവതില്ലയ്യൊ വിധിഫലമെ!
നേരെയനുജനെ വിളിക്കുന്നുണ്ടു
ഒന്നിതാ കേളുണ്ണി നേരനുജാ
അമ്മാവൻതന്മകൾ തുമ്പോലാച്ചു
അവിടെയിനിക്കൊരു ചിറാമുണ്ടു
എന്നെപ്പോലെയൊന്നിനെ കാണുമാറുണ്ടു *
അവനൊവരുത്തണം നേരനുജാ
ആമൊഴി കേട്ടൊരു വാഴുന്നോരും
നായന്മാർ നാലുപേരെ അയക്കുന്നുണ്ടു
വേഗത്തിൽ പോയിവരേണം നിങ്ങൾ
ഒന്നോടി ഒന്നു നടന്നവരും
മികവിൽമികച്ചുരിപടിക്കൽചെന്നു
പടിയും പടിപ്പുരയിടകടന്നു
1 പടകളിമുറ്റത്തും ചെന്നവരെ
അപ്പോഴെ കാണുന്നു തുമ്പോലാച്ചു
എവിടുന്നു വരുന്നെടൊ നായന്മാരെ

---

* എന്നെ.......ണ്ടു=എനിക്ക് ഒരു മകനുണ്ടായിട്ടുണ്ട് എന്ന സംഗതി ഭംഗിയിൽ പറകയാണ്.

1 പടകളിമുറ്റം=കളരിയായി പടവെട്ടുന്ന (അഭ്യസിക്കുന്ന) മുറ്റം.

പുത്തൂരംവീട്ടീന്നു വരുന്നു ഞങ്ങൾ
ആരോമരങ്കം ജയിച്ചുവന്നു
നിന്റെ മകനൊന്നു കാണവേണം
അതിനായി ഞങ്ങളെ പറഞ്ഞയച്ചു
ആമൊഴി കേട്ടൊരു തുമ്പോലാർച്ച
തന്റെമകനെ എടുക്കുന്നുണ്ടെ
നായന്മാരൊരുമിച്ചു പോയവളും
1 ഒന്നോടി ഒന്നുനടന്നവളും
ആനാട്ടും ദേശമിടകടന്നു
പുത്തൂരംവീട്ടിലും ചെന്നവരെ
ആരോമരികത്തു ചെല്ലുന്നുണ്ടെ.
അതുതാനെ കാണുന്നു ചേകവരും
തന്റെമകനെയും വാങ്ങുന്നുണ്ടെ.
മടിയിലിരുത്തുന്നു ആരോമരും
നേരെയനുജനെ വിളിക്കുന്നുണ്ടെ
വിളിച്ചവിളി കേട്ടു ചെന്നുകണ്ണൻ
എന്താവിളിച്ചെന്റെ നേരേട്ടനെ
മാററത്തുമല്ല വിളിച്ചതുണ്ണി!
ഇവനെ നീ നല്ലോണം രക്ഷിക്കേണം
നീയല്ലാതിവനാരുമില്ലയല്ലൊ
വിദ്യകളൊക്കെ പടിപ്പിക്കേണം

---

1 ഒന്നോടി......വളും=വേഗത്തിൽ പോയി.

നേരേട്ടൻ=(ജ്യേഷ്ഠൻ) (തത്ഭവം). ഒരുപോലും ഒരേമകനെയായ താണെന്നു സൂചിപ്പിക്കയാണ് നേർശബ്ദംകൊണ്ട് ചെയ്യുന്നത്.

നല്ലോണം=നല്ലവണ്ണം.

പടിപ്പിക്ക=പഠിപ്പിക്കുക. (തത്ഭവം).

ഇവന്ന ഞാനൊന്നും കൊടുത്തിട്ടില്ല
നിത്യുകൊടുത്തെയിരിക്കയുള്ളു
എന്നുംപറഞ്ഞു കൊടുത്തവനും
* ചെന്തെങ്ങിളനീരും കൊണ്ടുവാരയോ!
ആമൊഴി കേട്ടൊരു നേരനാജൻ
വേഗത്തിലിളനീരും കൊണ്ടുവന്നു
ജ്യേഷ്ഠൻറെകയ്യിൽ കൊടുക്കുന്നേരം
തണ്ണീർകുടിയും കഴിഞ്ഞിതല്ലൊ
ഒന്നിണ്ടുകേൾക്കണം അപ്പായെന്നു!
കള്ളുകഴിക്കട്ടെയപ്പായെന്നു!
കള്ളുകഴിക്കട്ടെ തമ്പുരാനെ!
കള്ളുകഴിക്കട്ടെ വാഴുന്നോരെ!
കള്ളുകഴിക്കട്ടെ നേരനാജ!
കള്ളുകഴിക്കട്ടെ ഉണ്ണിയാച്ചെ!
കള്ളുകഴിക്കട്ടെ കുഞ്ഞുണ്ണൂല്യെ!
കള്ളുകഴിക്കട്ടെ മഹാലോകരെ!
ഇനിയുള്ളകാര്യവും നമ്മൾതമ്മിൽ
ഇനിയുള്ളകാലത്തു കാണ്മായില്ല
കള്ളുയഴിച്ചു മരിച്ചു ചേകോൻ.
പുത്തൂരംവീട്ടിലെ ദുഃഖങ്ങളും
അനന്തനൊഴിഞ്ഞാർക്കും ചൊല്ലിക്കൂടാ.

———:o:———

* ചേകോൻറെ പ്രഭുത്വത്തിൻറെ ഒരു ചിഹ്നമാണിത്. മരിക്കുമ്പോഴും സാധാരണന്മാരെപ്പോലെ വെള്ളമല്ല കുടിക്കുന്നതു്.

കേരള സാഹിത്യ
അക്കാദമി